بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാല്യം 3

ലക്കം 29

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ജൂലായ് 19/ഹി:ശം:1397 ഇഹ്സാൻ 19/ഹി:ഖ:1439 ദുൽഖഅ്ദ് 05

## അല്ലാഹുവിന്റെ വചനം

یٰۤاَیُّہَا الَّذِیۡنَ اٰمَنُوا

ادۡخُلُوۡا فِی السِّلۡمِ کَآفَّۃً ۪

وَّلَا تَتَّبِعُوۡا خُطُوٰتِ الشَّیۡطٰنِ ؕ

اِنَّہٗ لَکُمۡ عَدُوٌّ مُّبِیۡنٌ ۝

വിശ്വാസികളേ! നിങ്ങളെല്ലാവരും സമ്പൂർണമായ അനുസരണ(വൃത്ത)ത്തിൽ പ്രവേശിക്കുക. പിശാചിന്റെ കാലടികളെ നിങ്ങൾ പിന്തുടരരുത്. നിശ്ചയമായും അവൻ നിങ്ങളുടെ പ്രത്യക്ഷ ശത്രുവാകുന്നു. (2:209)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു:**
**കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**നമ്മുടെ ദൈവത്തിൽ അസംഖ്യം അത്ഭുതങ്ങളുണ്ട്. സത്യസന്ധതയോടും വിശ്വസ്തതയോടുംകൂടി അവന്റേതായിത്തീർന്നവൻ മാത്രമാണ് അത് കാണുന്നത്.**
**നമ്മുടെ സ്വർഗം നമ്മുടെ ദൈവമത്രെ. നമ്മുടെ ഉന്നതമായ ആനന്ദാനുഭൂതികൾ നമ്മുടെ ദൈവത്തിങ്കലാകുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അവനെ കണ്ടിരിക്കുന്നു. എല്ലാ സൗന്ദര്യങ്ങളും അവനിൽ കണ്ടെത്തിയിരിക്കുന്നു. ജീവൻ നഷ്ടപ്പെട്ടാലും സ്വന്തമാക്കേണ്ട സമ്പത്താണവൻ. ജീവനും സർവ്വസ്വവും നഷ്ടപ്പെട്ടാലേ ലഭ്യമാകൂ എന്നു വന്നാലും വിലകൊടുത്തു വാങ്ങേണ്ട രത്നമാകുന്നു അവൻ.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

"ദൈവം എല്ലാ ഓരോ വസ്തുവിന്റേയുംമേൽ സർവ്വശക്തനാണെന്നു മനസ്സിലാക്കാത്തവന്റെ പ്രാർഥന എങ്ങനെ സ്വീകരിക്കപ്പെടാനാണ്? അവന്റെ നോട്ടത്തിൽ അവനുണ്ടാകുന്ന ബുദ്ധിമുട്ടുകളെല്ലാം പ്രകൃതിനിയമത്തിന് വിരുദ്ധമാണെന്ന് വരുമ്പോൾ അവനു പ്രാർഥിക്കാനുള്ള പ്രേരണ ഉണ്ടാകുന്നതെങ്ങനെ?

എന്നാൽ, ഏയ് ഭാഗ്യശാലിയായ മനുഷ്യാ! നീ അങ്ങനെ ചെയ്യരുത്. തൂണൊന്നും കൂടാതെ അസംഖ്യം നക്ഷത്രങ്ങളെ തൂക്കിയിട്ടവനാണ് നിന്റെ ദൈവം. അവൻ ഭൂമിയേയും ആകാശത്തേയും ഒന്നുമില്ലാത്ത അവസ്ഥയിൽനിന്ന് സൃഷ്ടിച്ചവനാണ്. നിന്റെ ആവശ്യം പൂർത്തിയാക്കിത്തരാൻ കെല്പില്ലാത്തവനാണവനെന്ന് നീ തെറ്റുധരിക്കുകയാണോ?[1] നിന്റെ ഈ തെറ്റായധാരണ നിന്നെ ഭാഗ്യംകെട്ടവനാക്കിത്തീർക്കും. നമ്മുടെ ദൈവത്തിൽ അസംഖ്യം അത്ഭുതങ്ങളുണ്ട്. സത്യസന്ധതയോടും വിശ്വസ്തതയോടുംകൂടി അവന്റേതായിത്തീർന്നവൻ മാത്രമാണ് അത് കാണുന്നത്. അവന്റെ ശക്തിപ്രഭാവങ്ങളിൽ വിശ്വസിക്കാത്തവരുടേയും അവനോട് സത്യസന്ധതയും വിശ്വസ്തതയും കാണിക്കാത്തവരുടെയുംമേൽ അവൻ അത്ഭുതങ്ങൾ വെളിപ്പെടുത്തുകയില്ല.

സർവ്വശക്തനായൊരു ദൈവം ഉണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലവൻ എത്രമാത്രം ഭാഗ്യദോഷിയാണ്. നമ്മുടെ സ്വർഗം നമ്മുടെ ദൈവമത്രെ. നമ്മുടെ ഉന്നതമായ ആനന്ദാനുഭൂതികൾ നമ്മുടെ ദൈവത്തിങ്കലാകുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അവനെ കണ്ടിരിക്കുന്നു. എല്ലാ സൗന്ദര്യങ്ങളും അവനിൽ കണ്ടെത്തിയിരിക്കുന്നു. ജീവൻ നഷ്ടപ്പെട്ടാലും സ്വന്തമാക്കേണ്ട സമ്പത്താണവൻ. ജീവനും സർവ്വസ്വവും നഷ്ടപ്പെട്ടാലേ ലഭ്യമാകൂ എന്നു വന്നാലും വിലകൊടുത്തു വാങ്ങേണ്ട രത്നമാകുന്നു അവൻ. അല്ലയോ ഹതഭാഗ്യരേ! ഇതാ ഈ നിർഝരിയിലേക്ക് ഓടിയടുക്കുവിൻ. അത് നിങ്ങളെ സംതൃപ്തിയുള്ളതാക്കിത്തീർക്കും. നിങ്ങളെ രക്ഷിക്കുന്ന ജീവിതസ്രോതസ്സാണത്. ഞാൻ എന്തു ചെയ്യുവാനാണ്. ഈ സന്തോഷവാർത്ത ഹൃദയങ്ങളിൽ കുടിയിരുത്താൻ ഞാനെന്താണ് ചെയ്യേണ്ടത്. ഇതാ! നിങ്ങളുടെ ദൈവം എന്ന് ഏത് ചെണ്ട കൊട്ടിയാണ് ഞാൻ വിളംബരം ചെയ്യേണ്ടത്? ലോകർ കേൾക്കുമാറാകാൻ. ലോകരുടെ കാത് തുറപ്പിക്കുവാൻ ഏത് ഔഷധം കൊണ്ടാണ് ഞാൻ ചികിത്സിക്കേണ്ടത്?

നിങ്ങൾ ദൈവത്തിന്റേതായിത്തീരുമെങ്കിൽ ദൈവം നിങ്ങളുടേതായിത്തീരുന്നതാണ്. നിങ്ങൾ ഉറങ്ങുമ്പോൾ അവൻ നിങ്ങൾക്കുവേണ്ടി ഉണർന്നിരിക്കുമെന്നു തീർച്ചയായും മനസ്സിലാക്കുക. നിങ്ങൾ ശത്രുവിനെക്കുറിച്ച് അശ്രദ്ധരായിരിക്കുമ്പോൾ അവൻ ശത്രുവിനെ നോക്കിപ്പാർക്കും. നിങ്ങളുടെ ശത്രുവിന്റെ ആസൂത്രണങ്ങളെ അവൻ തകർത്തുകൊള്ളും. നിങ്ങളുടെ ദൈവത്തിൽ എന്തെല്ലാം അത്ഭുതങ്ങളാണുള്ളതെന്ന് നിങ്ങൾ അറിയുന്നില്ല. അറിഞ്ഞിരുന്നുവെങ്കിൽ ഈ ദുൻയാവിനെച്ചൊല്ലി ദുഃഖിച്ചുകൊണ്ടിരിക്കുന്ന ദിനങ്ങൾ നിങ്ങൾക്കുണ്ടാവില്ല. തന്റെ പക്കൽ ഒരു വൻനിധി ഉണ്ടായിരിക്കെ ചില്ലിക്കാശ് നഷ്ടപ്പെട്ടതിനെച്ചൊല്ലി ആരെങ്കിലും കരയുകയും അലമുറകൂട്ടുകയും നശിക്കാനൊരുങ്ങുകയും ചെയ്യുമോ? നിങ്ങൾക്ക് ഈ നിധിയെക്കുറിച്ചറിയാമെങ്കിൽ, നിങ്ങളുടെ ഓരോ ആവശ്യത്തിന്റേയും അവസരത്തിൽ സഹായത്തിനായി ദൈവം ഉണ്ടെന്നറിഞ്ഞെങ്കിൽ, നിങ്ങൾ ദുൻയാവിനുവേണ്ടി അവനെ മറക്കുന്നതെങ്ങനെ? അല്ലാഹു ഏറ്റവും പ്രിയപ്പെട്ട നിധിയാകുന്നു. അതിനെ വിലമതിക്കുവിൻ. ഓരോ കാല്വെയ്പിലും അവൻ നിങ്ങളുടെ സഹായകനാകുന്നു. അവനെക്കൂടാതെ നിങ്ങളൊന്നുമല്ല. നിങ്ങളുടെ ഉപകരണങ്ങളും ഉപായങ്ങളും ഒരു വസ്തുവുമല്ല. നിങ്ങൾ അന്യസമുദായങ്ങളെ അനുകരിക്കരുത്. അവർ പരിപൂർണമായും ഭൗതികവഴികളാൽ വീഴപ്പെട്ടവരാകുന്നു. പാമ്പ് മണ്ണ് തിന്നുന്നതുപോലെ അവർ നിസ്സാരമായ ഭൗതികവഴിയിലെ മണ്ണ് തിന്നിരിക്കുകയാണ്. കഴുകനും പട്ടിയും ശവം തിന്നുന്നതുപോലെ അവർ ശവത്തിനുമേൽ കടിച്ചുപിടിച്ചിരിക്കുകയാണ്. അവർ ദൈവത്തിൽനിന്ന് വളരെ അകന്നുപോയിരിക്കുന്നു. ആൾ ദൈവങ്ങളെ ആരാധിക്കുകയും പന്നിമാംസം തിന്നുകയും മദ്യം വെള്ളംപോലെ കുടിക്കുകയും ചെയ്യുന്നു. അതിരുകടന്ന് ഭൗതികവഴികളിൽ വീണതുകൊണ്ടും ദൈവത്തിൽനിന്ന് ശക്തി തേടാത്തതുകൊണ്ടും അവർ മരിച്ചിരിക്കുകയാണ്. കൂട്ടിൽനിന്ന് പ്രാവ് പറന്നുപോകുന്നതുപോലെ അവരിൽനിന്ന് ദൈവികമായ ആത്മാവ് പുറത്തുപോയിരിക്കുന്നു. അവരുടെയുള്ളിൽ ഭൗതികതയുടെ കുഷ്ഠരോഗമാണുള്ളത്. അത് അവരുടെ ആന്തരികാവയവങ്ങളെല്ലാം മുറിച്ചുകളഞ്ഞിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ ആ രോഗത്തെ ഭയപ്പെടുക. ഞാൻ നിങ്ങളെ മദ്ധ്യമനിലയുടെ പരിധിവരെ ഭൗതികമാർഗങ്ങൾ അവലംബിക്കുന്നതിനെ വിലക്കുന്നില്ല. നിങ്ങൾ ഇതര സമുദായങ്ങളെപ്പോലെ വെറും ഭൗതികമായ മാർഗങ്ങളുടെ അടിമകളാകുന്നതിനേയും ഭൗതികവഴികൾ നിങ്ങൾക്കൊരുക്കിത്തന്ന ദൈവത്തെ വിസ്മരിക്കുന്നതിനേയുമാണ് ഞാൻ വിലക്കുന്നത്. ദൈവം മാത്രമെ ദൈവമായിട്ടുള്ളുവെന്നും മറ്റുള്ളതെല്ലാം നിസ്സാരമാണെന്നും നിങ്ങൾക്ക് കണ്ണുണ്ടെങ്കിൽ കാണാൻ കഴിയണം. അവന്റെ കല്പനയില്ലാതെ നിങ്ങൾക്ക് കൈ നിവർത്തുവാനോ മടക്കുവാനോ സാധിക്കുകയില്ല. ഇത് പറയുമ്പോൾ ഒരു മൃതതുല്യനായവൻ ചിരിക്കും. എന്നാൽ, അഹോ കഷ്ടം! അവൻ മരിച്ചുപോയിരിക്കുന്നുവെങ്കിൽ ആ പരിഹസിക്കുന്നതിനേക്കാൾ നല്ലതായിരുന്നു.

(ശേഷം പേജ് 6ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# അഹ്മദിയ്യാ ഫിഖ്ഹ്-3

**ഇസ്‌ലാം കാര്യങ്ങൾ:**

ഇസ്‌ലാം കാര്യങ്ങളിൽ ഒന്നാമത്തേത് ശഹാദത്തുകലിമയാണ്. അതായത് അല്ലാഹുവല്ലാതെ ഒരു ആരാധ്യനും സ്നേഹിതനുമില്ലെന്നും മുഹമ്മദ്(സ) അല്ലാഹുവിന്റെ റസൂലാണെന്നും ആ മഹാത്മാവാണ് അല്ലാഹുവിന്റെ സന്ദേശം കൊണ്ടുവന്നതെന്നും ഇസ്‌ലാമിന്റെ സകല കല്പനകളും അദ്ദേഹമാണ് വന്ന് പറഞ്ഞതെന്നും അംഗീകരിക്കുകയും സാക്ഷ്യം പറയുകയും ചെയ്യുക.

ഇസ്‌ലാം കാര്യങ്ങളിൽ രണ്ടാമത്തേത് നമസ്കാരമാണ്; മൂന്നാമത്തേത് സക്കാത്ത് കൊടുക്കുക; നാലാമത്തേത് റമളാൻമാസത്തിൽ നോമ്പുപിടിക്കുക; അഞ്ചാമത്തേത് കഅ്ബാ ദേവാലയം സിയാറത്തുചെയ്യുന്നതിന് മക്കയിൽ പോകുക; അതായത് ഹജ്ജ് ചെയ്യുക. ഈ അഞ്ച് ഇസ്‌ലാം കാര്യങ്ങളുടേയും വിശദീകരണം സയ്യിദുനാ ഹദ്റത്ത് ഉമർ(റ)ന്റെ ഒരു നിവേദനത്തിൽനിന്ന് മനസ്സിലാകുന്നുണ്ട്. അതിൽ അദ്ദേഹം പറയുന്നു: "ഒരു ദിവസം നബി(സ) തിരുമേനി തന്റെ സ്വഹാബാക്കളുടെ ഇടയിൽ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരാൾ അവിടെ വന്നു. അയാൾ ശുഭ്രവസ്ത്രധാരിയായിരുന്നു. മുടി കടുംകറുപ്പായിരുന്നു. യാത്രയുടെ അടയാളമൊന്നും അയാളിൽ കാണപ്പെട്ടിരുന്നില്ല. ഞങ്ങളിലാർക്കും അദ്ദേഹത്തെ പരിചയമുണ്ടായിരുന്നില്ല. അതുകൊണ്ട് ഇയാൾ ആരാണെന്നോർത്ത് ഞങ്ങൾ അത്ഭുതപ്പെട്ടു. അദ്ദേഹം മര്യാദ പാലിച്ച് നബി(സ) തിരുമേനിയുടെ മുമ്പിൽ മുട്ടുകൾ മടക്കി ഇരുന്നു. ഒന്നാമതായി അദ്ദേഹം ചോദിച്ചത് ഇസ്‌ലാം എന്താണെന്നായിരുന്നു. നബി(സ) തിരുമേനി പറഞ്ഞു,' ഇസ്‌ലാം എന്നാൽ അല്ലാഹു ഏകനാണെന്നും അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ റസൂലാണെന്നും നീ സാക്ഷ്യം വഹിക്കുക. രണ്ടാമത്തേത് നീ നമസ്കരിക്കുക. മൂന്നാമത്തേത് സക്കാത്ത് കൊടുക്കുക. നാലാമത്തേത് റമളാൻ മാസത്തിലെ നോമ്പുപിടിക്കുക. അഞ്ചാമത്തേത് നിനക്ക് കഴിവുണ്ടെങ്കിൽ ജീവിതത്തിൽ ഒരിക്കൽ ബയ്ത്തുല്ലായിൽ പോയി ഹജ്ജ് ചെയ്യുക.' അപ്പോൾ അദ്ദേഹം പറഞ്ഞു, 'താങ്കൾ സത്യം പറഞ്ഞിരിക്കുന്നു.'

ഞങ്ങൾ ആദ്യംതന്നെ അത്ഭുതപ്പെട്ടിരുന്നതാണ്. ഇപ്പോൾ കൂടുതൽ വിസ്മയത്തിലായി. അദ്ദേഹം സ്വയം ചോദിക്കുകയും സ്വയം സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു! പിന്നീട് അദ്ദേഹം ചോദിച്ചു: 'ഈമാൻ എന്താണ്?' നബി(സ) തിരുമേനി പറഞ്ഞു: 'നീ അല്ലാഹുവിലും അവന്റെ മലക്കുകളിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുക. അന്ത്യനാളിലും ദൃഢമായി വിശ്വസിക്കുക. നന്മ തിന്മകളെ സംബന്ധിച്ച എല്ലാ വിധിനിർണയങ്ങളും അല്ലാഹുവിൽനിന്നുള്ളതാണെന്നും അത് സന്ദർഭോചിതം ഉണ്ടാകുന്നതാണെന്നും വിശ്വസിക്കുക.'

പിന്നീട് അദ്ദേഹം ചോദിച്ചു: 'ഇഹ്സാൻ എന്താണ്?' നബി(സ) തിരുമേനി പറഞ്ഞു: 'ഇഹ്സാൻ എന്നു പറയുന്നത് നീ അല്ലാഹുവിനെ കാണുന്നു എന്നപോലെ അവനെ ആരാധിക്കലാണ്; നിനക്ക് ഈ സ്ഥാനം കരസ്ഥമാകുന്നില്ലെങ്കിൽ അല്ലാഹു നിന്നെ കാണുന്നു എന്നപോലെ അവനെ ആരാധിക്കുക.' കുറഞ്ഞത് അല്ലാഹു എപ്പോഴും നിന്നെ കാണുന്നുവെന്ന ബോധം തീർച്ചയായും നിനക്ക് ഉണ്ടായിരിക്കേണ്ടതാണ്. ഇപ്രകാരംതന്നെ മറ്റു ചില ചോദ്യങ്ങളും അദ്ദേഹം ചോദിക്കുകയും നബി(സ) തിരുമേനി മറുപടി നല്കുകയും ചെയ്തു. അതിനുശേഷം അദ്ദേഹം അവിടെനിന്ന് പോയി." ഹദ്റത്ത് ഉമർ(റ) പറയുന്നു: 'അദ്ദേഹം പോയതിനുശേഷം ഞങ്ങളെ നോക്കിക്കൊണ്ട് പറഞ്ഞു, ഉമറേ! താങ്കൾക്കറിയുമോ ഇദ്ദേഹം ആരാണെന്ന്? ഇത് ജിബ്‌രീലായിരുന്നു. നിങ്ങൾക്ക് നിങ്ങളുടെ ദീൻ പഠിപ്പിക്കാൻ വന്നതാണ്.' (തുർമുദി, കിതാബുൽ ഈമാൻ, ബാബ് ഫീ വസ്ഫി ജിബ്‌രീലുന്നബിയ്യിസ്വല്ലല്ലാഹു അലയ്ഹിവസല്ലം, പേജ് 85, മിശ്ക്കാത്ത് കിതാബുൽ ഈമാൻ, പേജ് 11)

ഈ വിശദമായ രിവായത്തിൽനിന്ന് മനസ്സിലാകുന്നത് ഇസ്‌ലാമിന്റെ രണ്ടാമത്തെ സുപ്രധാന കാര്യം നമസ്കാരമാണെന്നാണ്. അതിന്റെ വിശദമായ കല്പനകൾ വിവരിക്കാനാണ് ഞങ്ങൾ ഉദ്ദേശിക്കുന്നത്.

**നമസ്കാരത്തിന്റെ പ്രാധാന്യം**

അല്ലാഹു വിശുദ്ധഖുർആനിൽ നമസ്കരിക്കാൻ ആവർത്തിച്ചാവർത്തിച്ച് താക്കീത് ചെയ്യുന്നു. പതിവായി നമസ്കരിക്കുന്നവരെ പ്രശംസിക്കുകയും നമസ്കരിക്കാത്തവരെ അല്ലെങ്കിൽ അതിൽ മടി കാണിക്കുന്നവരെ അപലപിക്കുകയും ചെയ്യുന്നു. അവൻ പറയുന്നു: 'പരമകാരുണികന്റെ സത്യസന്ധരായ ദാസർ തങ്ങളുടെ നമസ്കാരങ്ങളെ കാത്തുസൂക്ഷിക്കുന്നവരാണ്.' (അൽമുഅ്മിനൂൻ:10) 'തങ്ങളുടെ നമസ്കാരത്തിൽ സ്ഥിരതയുള്ളവരുമാണ്.' (അൽമആരിജ് 24) ഇപ്രകാരംതന്നെ മറ്റൊരു സ്ഥലത്ത് പറഞ്ഞു: 'നമസ്കാരങ്ങൾ സസൂക്ഷ്മം നിലനിറുത്തുന്നു; പ്രത്യേകിച്ചും മധ്യമ നമസ്കാരം.' (ബഖറ:239) വീണ്ടും പറഞ്ഞു: 'നമസ്കരിക്കാത്തവർ നരകത്തിൽ പോകുന്നതാണ്.' (അൽമുദ്ദഥിർ 43-44) 'നമസ്കാരത്തിൽ അലസതയും മടിയും കാണിക്കുന്നവരുടെ അവസ്ഥ പരിതാപകരമാണ്.' (അൽമാഊൻ 5-6)

നബി(സ) തിരുമേനിയുടെ തിരുഹദീഥുകളിലും നമസ്കരിക്കാൻ താക്കീത് ചെയ്തു പറഞ്ഞതും അതിന്റെ ശ്രേഷ്ഠതയും വന്നിട്ടുണ്ട്. നബി(സ) തിരുമേനി പറയുന്നു, 'നമസ്കാരം ദീനിന്റെ സ്തൂപമാണ്. നമസ്കാരം പതിവായി നമസ്കരിക്കുന്നവൻ ദീനിനെ നിലനിറുത്തി. അതുപേക്ഷിച്ചവൻ ദീനിനെ വീഴ്ത്തുകയും അതിന്റെ കെട്ടിടത്തെ തകർക്കുകയും ചെയ്തു. ഇസ്‌ലാമിന്റേയും കുഫ്റിന്റേയുമിടയിൽ വ്യത്യാസമുണ്ടാക്കുന്നത് നമസ്കാരമാണ്.' ഒരിക്കൽ അവിടന്ന് പറഞ്ഞു, 'പുനരുത്ഥാനനാളിൽ നമസ്കാരത്തെ കുറിച്ചായിരിക്കും ആദ്യത്തെ കണക്കെടുപ്പ്.' മറ്റൊരു അവസരത്തിൽ സ്വഹാബത്തിന്റെ മുമ്പിൽ നമസ്കാരത്തിന്റെ ശ്രേഷ്ഠത വിവരിച്ചുകൊണ്ട് പറഞ്ഞു, 'ഒരാളുടെ വീട്ടുവാതിലിന്നരികിലൂടെ തെളിമയാർന്ന വെള്ളത്തിന്റെ ഒരു പുഴയൊഴുകുകയും അവൻ ദിവസവും അഞ്ചുനേരവും അതിൽ കുളിക്കുകയും ചെയ്യുമ്പോൾ അവന്റെ ശരീരത്തിൽ അഴുക്കൊന്നും അവശേഷിക്കാത്തതുപോലെ ദിവസേന അഞ്ചുനേരം നമസ്കരിക്കുന്നവന്റെ ഉള്ളിലും അഴുക്കൊന്നുമിരിക്കുകയില്ല. അവനിൽ എന്തെങ്കിലും മാലിന്യമോ പാപത്തിന്റെ കലർപ്പോ ഉണ്ടാകുകയുമില്ല.' (ബുഖാരി, മവാഖീത്തുസ്സലാത്ത്)

തന്റെ പക്കൽ ഏറ്റവും പ്രധാനപ്പെട്ട നിർബന്ധകടമ നമസ്കാരമാണെന്നും ആരാണോ അത് പാഴാക്കിയത് അവൻ സർവവും പാഴാക്കിയെന്നും ഹദ്റത്ത് ഉമർ(റ) പറയാറുണ്ടായിരുന്നു. അതായത് അത്തരം അവസ്ഥയിൽ അവന്റെ ഒരു ശ്ലാഘനീയകർമവും പ്രശംസാർഹമായി മനസ്സിലാക്കപ്പെടുകയില്ല.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നമസ്കാരം എല്ലാ മുസ്‌ലിംകൾക്കും ഫർള് അഥവാ നിർബന്ധ കടമയാണ്. നബി(സ)തിരുമേനിയുടെയടുക്കൽ ഒരു ജനത ഇസ്‌ലാം സ്വീകരിച്ചു. 'അല്ലാഹുവിന്റെ റസൂലേ! തങ്ങൾ തൊഴിലാളികളാണെന്നും മൃഗങ്ങൾ തുടങ്ങിയവ കാരണത്താൽ ശരീരത്തിൽ എപ്പോഴും അഴുക്കുകളുണ്ടാകുമെന്നും തങ്ങൾക്ക് ഒഴിവ് കിട്ടുകയില്ലെന്നും അതിനാൽ തങ്ങൾക്ക് നമസ്കാരം മാപ്പാക്കിത്തരണമെന്നും അവർ പറഞ്ഞു.' നബി(സ) തിരുമേനി അവരോടു പറഞ്ഞു, 'നോക്കൂ! നമസ്കാരമില്ലെങ്കിൽ പിന്നെന്താണ് ബാക്കി ഉണ്ടാകുക? നമസ്കാരമില്ലാത്ത ദീൻ, ദീൻതന്നെയല്ല. നമസ്കാരമെന്താണ്? തങ്ങളുടെ കഴിവില്ലായ്മയേയും ദൈന്യതയേയും ബലഹീനതകളേയും അല്ലാഹുവിന്റെ മുമ്പിൽ അവതരിപ്പിക്കുക. അവനോടു തന്റെ ആവശ്യങ്ങൾ ചോദിക്കുക. ഇടയ്ക്ക് അവന്റെ മഹത്ത്വം വാഴ്ത്തുന്നതിനും അവന്റെ കല്പനകൾ പാലിക്കുന്നതിനും വേണ്ടി കൈകൂപ്പിക്കൊണ്ട് നില്ക്കുകയും ഇടയ്ക്ക് പൂർണമായ നിന്ദ്യത സഹിച്ചും എളിമയോടുംകൂടി അവന്റെ മുമ്പിൽ സജ്ദയിൽ വീഴുകയും അവനോട് തന്റെ ആവശ്യങ്ങൾ ചോദിക്കുകയും ചെയ്യുക എന്നതുതന്നെയാണ് നമസ്കാരം. ഒരു യാചകനെപോലെ നീ അങ്ങനെയാണ് ഇങ്ങനെയാണ് എന്നൊക്കെ പറഞ്ഞ് ചോദിക്കപ്പെടുന്നവനെ സ്തുതിക്കുകയും അവന്റെ മഹത്ത്വവും പ്രതാപവും പ്രകടിപ്പിച്ച് അവന്റെ കാരുണ്യത്തെ ചലിപ്പി

(ശേഷം പേജ് 11ൽ)




"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ
കൊടുംപാപമാകുന്നു." (ബുഖാരി)

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാഞ്ച്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്‌ബ ജുമുഅ

**ജുമുഅയുടെ പ്രാധാന്യത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് ഒരിക്കൽ നബി(സ)തിരുമേനി പറഞ്ഞു: 'ആ ദിവസത്തിൽ ചില നിമിഷങ്ങൾ വരുന്നുണ്ട്. മുസ്‌ലിമിന് അത്തരം സമയം ലഭിക്കുകയും അവൻ നിന്ന് നമസ്കരിക്കുകയും ചെയ്യുമ്പോൾ എന്തു ദുആ ചെയ്താലും സ്വീകരിക്കപ്പെടുന്നതാണ്. അല്ലെങ്കിൽ എന്തു ക്ഷേമവും നന്മയും ചോദിച്ചാലും അല്ലാഹു അവന് പ്രദാനം ചെയ്യുന്നതാണ്.**

**നമസ്കാരത്തിൽ ഓരോരുത്തനും തങ്ങളുടെതായ ചിന്തയും ആവശ്യവുമനുസരിച്ച് ദുആ ചെയ്യുന്നു. നമസ്കരിക്കുന്നവരായിരിക്കെ ദുആ ചെയ്യാനുള്ള പ്രേരണ ഉടലെടുക്കാത്തവരുമുണ്ട്. അവർ നമസ്കാരത്തിലെ വാക്കുകൾ ഉരുവിടുക മാത്രം ചെയ്യുന്നു. ദുആയുടെ പ്രാധാന്യം അവർ അറിയുന്നില്ല. അതുകൊണ്ട്, റമളാനിലെ അവസാന ജുമുഅയ്ക്ക് ചില ദുആകൾ ചൊല്ലാമെന്ന് ഞാൻ വിചാരിച്ചു; ദുആ എന്താണെന്ന ബോധം ഇല്ലാത്തവർക്ക് അത് മനസ്സിലാകുവാനും ജമാഅത്തിയായ നിലയിൽ തങ്ങളുടെ ദുആകളും അർഥനകളും സമർപിക്കാനും ഈ എല്ലാ ദുആകളും മൊത്തത്തിൽ സ്വീകരിക്കപ്പെടണമെന്ന് നമസ്കാരത്തിൽ ദുആ ചെയ്യുന്നതിനു വേണ്ടിയുമാണിത്. ഈ ദുആകളിൽ വിശുദ്ധ ഖുർആനിലെ ചില ദുആകൾ ഞാൻ എടുത്തിട്ടുണ്ട്, നബി(സ)തിരുമേനിയുടെ ദുആകളുണ്ട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ചില പൊതുവായ ദുആകളുമുണ്ട്.**

**ഖുത്‌ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുതആല ബിനസ്രിൽ അസീസ്**

**ഖുത്‌ബ ജുമുഅ 2018 ജൂൺ15/1397 ഹിജ്റത്ത് 15**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ജുമുഅയുടെ പ്രാധാന്യത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് ഒരിക്കൽ നബി(സ)തിരുമേനി പറഞ്ഞു: 'ആ ദിവസത്തിൽ ചില നിമിഷങ്ങൾ വരുന്നുണ്ട്. മുസ്‌ലിമിന് അത്തരം സമയം ലഭിക്കുകയും അവൻ നിന്ന് നമസ്കരിക്കുകയും ചെയ്യുമ്പോൾ എന്തു ദുആ ചെയ്താലും സ്വീകരിക്കപ്പെടുന്നതാണ്. അല്ലെങ്കിൽ എന്തു ക്ഷേമവും നന്മയും ചോദിച്ചാലും അല്ലാഹു അവന് പ്രദാനം ചെയ്യുന്നതാണ്.(സ്വഹീഹുൽ ബുഖാരി, കിതാബുൽ ജുമുഅ, ഹദീഥ് 935)

ജുമുഅയുടെ ഖുത്‌ബയും നമസ്കാരത്തിന്റെ ഭാഗമായതിനാൽ ഇതും ആ സമയത്തിൽപ്പെടുമെന്ന് ഇതിനെ വിശദീകരിച്ചുകൊണ്ട് ചിലർ പറയുന്നുണ്ട്. ഏതായാലും ജുമുഅ ദിവസത്തിന് സവിശേഷമായ പ്രാധാന്യമുണ്ട്. അങ്ങേയറ്റം നിർബന്ധിത സാഹചര്യത്തിലൊഴികെ പ്രായപൂർത്തിയെത്തിയ പുരുഷന്, ബുദ്ധിയുറച്ചവന് ജുമുഅ നമസ്കാരം നിർബന്ധമാണ്.(സുനൻ അബൂദാവൂദ്, കിതാബുസ്സ്വലാത്ത, ഹദീഥ് 1067)

നമസ്കാരത്തിൽ ഓരോരുത്തനും തങ്ങളുടെതായ ചിന്തയും ആവശ്യവുമനുസരിച്ച് ദുആ ചെയ്യുന്നു. നമസ്കരിക്കുന്നവരായിരിക്കെ ദുആ ചെയ്യാനുള്ള പ്രേരണ ഉടലെടുക്കാത്തവരുമുണ്ട്. അവർ നമസ്കാരത്തിലെ വാക്കുകൾ ഉരുവിടുക മാത്രം ചെയ്യുന്നു. ദുആയുടെ പ്രാധാന്യം അവർ അറിയുന്നില്ല. അതുകൊണ്ട്, റമളാനിലെ അവസാന ജുമുഅയ്ക്ക് ചില ദുആകൾ ചൊല്ലാമെന്ന് ഞാൻ വിചാരിച്ചു; ദുആ എന്താണെന്ന ബോധം ഇല്ലാത്തവർക്ക് അത് മനസ്സിലാകുവാനും ജമാഅത്തിയായ നിലയിൽ തങ്ങളുടെ ദുആകളും അർഥനകളും സമർപിക്കാനും ഈ എല്ലാ ദുആകളും മൊത്തത്തിൽ സ്വീകരിക്കപ്പെടണമെന്ന് നമസ്കാരത്തിൽ ദുആ ചെയ്യുന്നതിനു വേണ്ടിയുമാണിത്. ഈ ദുആകളിൽ വിശുദ്ധ ഖുർആനിലെ ചില ദുആകൾ ഞാൻ എടുത്തിട്ടുണ്ട്, നബി(സ)തിരുമേനിയുടെ ദുആകളുണ്ട്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളും ഉൾപ്പെടുത്തിയിട്ടുണ്ട്. ചില പൊതുവായ ദുആകളുമുണ്ട്. ഖുർആനികവും സുന്നത്താക്കപ്പെട്ടതുമായ ദുആകൾ ഞാൻ ചൊല്ലുന്നതാണ്. ഹൃദിസ്തമായിട്ടുള്ളവർ അത് മനസ്സിൽ ഏറ്റുപറയുക. അതല്ലെങ്കിൽ എന്നോടൊപ്പം മനസ്സിൽ ഉരുവിടുകയും ഓരോ ദുആക്കുശേഷവും മനസ്സിൽ ആമീൻ എന്നു പറയുകയും ചെയ്യാവുന്നതുമാണ്. അല്ലാഹു നമ്മുടെ ദുആകൾ സ്വീകരിക്കുമാറാകട്ടെ.

سُبْحَانَ اللّٰهِ وَبِحَمْدِهٖ سُبْحَانَ اللّٰهِ الْعَظِيْمِ اَللّٰهُمَّ صَلِّ عَلٰى مُحَمَّدٍ وَّاٰلِ مُحَمَّدٍ -

"അല്ലാഹുവിനെ സ്തുതിക്കുന്നതോടൊപ്പം ഞാൻ അവന്റെ പരിശുദ്ധിയെ വാഴ്ത്തുന്നു. മഹോന്നതനായ അല്ലാഹുവിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു. അല്ലാഹുവേ! മുഹമ്മദുനബി(സ)തിരുമേനിയുടേയും അദ്ദേഹത്തിന്റെ കുടുംബത്തിന്റേയുംമേൽ നിന്റെ അനുഗ്രഹങ്ങൾ വർഷിക്കേണമേ."

رَبَّنَآ اٰتِنَا فِی الدُّنْيَا حَسَنَةً وَّفِی الْاٰخِرَةِ حَسَنَةً وَّقِنَا عَذَابَ النَّارِ

"ഞങ്ങളുടെ നാഥാ, ഐഹികജീവിതത്തിൽ ഞങ്ങൾക്ക് നന്മ നല്കേണമേ. പാരത്രികജീവിത്തിലും നന്മ നല്കേണമേ. നരകശിക്ഷയിൽ നിന്ന് ഞങ്ങളെ കാത്തുരക്ഷിക്കേണമേ."(2:202)

رَبَّنَآ اَفْرِغْ عَلَيْنَا صَبْرًا وَّتَوَفَّنَا مُسْلِمِيْنَ

"ഞങ്ങളുടെ നാഥാ, നീ ഞങ്ങൾക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യേണമേ. അനുസരണമുള്ളവരായി ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ."(7:127)

اَللّٰهُمَّ رَبَّنَآ اَنْزِلْ عَلَيْنَا مَآئِدَةً مِّنَ السَّمَآءِ تَكُوْنُ لَنَا عِيْدًا لِّاَوَّلِنَا وَاٰخِرِنَا وَاٰيَةً مِّنْكَ وَارْزُقْنَا وَاَنْتَ خَيْرُ الرّٰزِقِيْنَ

"ഞങ്ങളുടെ നാഥനായ അല്ലാഹുവേ! ഞങ്ങൾക്ക് ആകാശത്തുനിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിത്തന്നാലും. അതു ഞങ്ങളുടെ മുൻഗാമികൾക്കും പിൻഗാമികൾക്കും പെരുന്നാളും നിന്നിൽനിന്നുള്ള ഒരു ദൃഷ്ടാന്തവും ആയിരിക്കേണം. നീ ഞങ്ങൾക്ക് ആഹാരം നല്കേണമേ; നീ ആഹാരം നല്കുന്നവരിൽ അത്യുത്തമനായമല്ലോ." (5:115)

رَبَّنَآ اِنَّنَا سَمِعْنَا مُنَادِيًا يُّنَادِیْ لِلْاِيْمَانِ اَنْ اٰمِنُوْا بِرَبِّكُمْ فَاٰمَنَّا ۔ رَبَّنَا فَاغْفِرْ لَنَا ذُنُوْبَنَا وَكَفِّرْ عَنَّا سَيِّاٰتِنَا وَتَوَفَّنَا مَعَ الْاَبْرَارِ

"ഓ ഞങ്ങളുടെ നാഥാ! സത്യവിശ്വാസത്തിലേക്കു വിളിക്കുന്ന ഒരാളുടെ വിളി ഞങ്ങൾ കേട്ടു, 'നിങ്ങളുടെ നാഥനെ വിശ്വസിക്കുക' എന്ന് അദ്ദേഹം വിളിച്ചു പറയുന്നു. അപ്പോൾ ഞങ്ങൾ വിശ്വസിച്ചു. (ഞങ്ങളുടെ രക്ഷിതാവേ), അതുകൊണ്ട് ഞങ്ങളുടെ പാപങ്ങൾ ഞങ്ങൾക്കു നീ പൊറുത്തു തരികയും ഞങ്ങളുടെ തിന്മകളെ ഞങ്ങളിൽ നിന്ന് നീ അകറ്റിക്കളുകയും സുകൃതവാന്മാരുടെ കൂടെ ഞങ്ങളെ മരിപ്പിക്കുകയും ചെയ്യേണമേ."(3:194)

رَبَّنَآ اٰمَنَّا بِمَآ اَنْزَلْتَ وَاتَّبَعْنَا الرَّسُوْلَ فَاكْتُبْنَا مَعَ الشّٰهِدِيْنَ

"ഞങ്ങളുടെ നാഥാ, നീ അവതരിപ്പിച്ചതിൽ ഞങ്ങൾ വിശ്വസിച്ചു. ഈ ദൂതനെ ഞങ്ങൾ പിന്തുടരുകയും ചെയ്തിരിക്കുന്നു. അതിനാൽ സാക്ഷ്യം വഹിക്കുന്നവരോടൊപ്പം ഞങ്ങളുടെ പേരും നീ രേഖപ്പെടുത്തണമേ."(3:54)

رَبَّنَا لَا تُزِغْ قُلُوْبَنَا بَعْدَ اِذْ هَدَيْتَنَا وَهَبْ لَنَا مِنْ لَّدُنْكَ رَحْمَةً اِنَّكَ اَنْتَ الْوَهَّابُ

"ഞങ്ങളുടെ നാഥാ! നീ ഞങ്ങളെ നേർവഴിയിലാക്കിയതിനുശേഷം ഞങ്ങളുടെ ഹൃദയങ്ങളെ തെറ്റിച്ചു കളയരുതേ. നീ ഞങ്ങൾക്ക് നിന്റെ അടുക്കൽ നിന്നുള്ള കാരുണ്യം പ്രദാനം ചെയ്യേണമേ. നിശ്ചയമായും നീ തന്നെയാണ് ഏറ്റവും വലിയ അനുഗ്രഹദാതാവ്."(3:9)

رَبِّ هَبْ لِیْ مِنْ لَّدُنْكَ ذُرِّيَّةً طَيِّبَةً اِنَّكَ سَمِيْعُ الدُّعَآءِ

"എന്റെ നാഥാ! നീ എനിക്ക് നിന്റെ പക്കൽനിന്ന് പരിശുദ്ധരായ സന്തതികളെ പ്രദാനം ചെയ്യേണമേ. തീർച്ചയായും നീ പ്രാർഥന കേൾക്കുന്നവനാണല്ലോ."(3:39)

رَبَّنَا هَبْ لَنَا مِنْ اَزْوَاجِنَا وَذُرِّيّٰتِنَا قُرَّةَ اَعْيُنٍ وَّاجْعَلْنَا لِلْمُتَّقِيْنَ اِمَامًا

"ഞങ്ങളുടെ നാഥാ! ഞങ്ങളുടെ ഇണകളിൽ നിന്നും സന്തതികളിൽ നിന്നും ഞങ്ങൾക്ക് കൺകുളിർമ പ്രദാനം ചെയ്യേണമേ. ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഞങ്ങളെ അനുകരണയോഗ്യരാക്കിത്തീർക്കേണമേ."(25:75)

رَبِّ اَوْزِعْنِیْٓ اَنْ اَشْكُرَ نِعْمَتَكَ الَّتِیْٓ اَنْعَمْتَ عَلَیَّ وَعَلٰی وَالِدَیَّ وَاَنْ اَعْمَلَ صَالِحًا تَرْضٰهُ وَاَصْلِحْ لِیْ فِیْ ذُرِّيَّتِیْ - اِنِّیْ تُبْتُ اِلَيْكَ وَاِنِّیْ مِنَ الْمُسْلِمِيْنَ

"എന്റെ നാഥാ, നീ എനിക്കും എന്റെ മാതാപിതാക്കൾക്കും ചെയ്തിരിക്കുന്ന അനുഗ്രഹങ്ങൾക്ക് നന്ദി കാണിക്കുവാനും നീ തൃപ്തിപ്പെടുന്ന സൽക്കർമങ്ങൾ ചെയ്യുവാനും എനിക്കു കഴിവും പ്രേരണയും പ്രദാനം ചെയ്യണമേ. എന്റെ സന്തതികളിൽ നീ എനിക്ക് നന്മ ഉണ്ടാക്കേണമേ. ഞാൻ നിന്നിലേക്ക് തീർച്ചയായും മടങ്ങുന്നു. ഞാൻ പരിപൂർണമായി അനുസരിക്കുന്നവരിൽപ്പെട്ടവനാകുന്നു."(46:16)

رَبِّ هَبْ لِیْ مِنَ الصّٰلِحِيْنَ

"എന്റെ നാഥാ, നീ എനിക്ക് സദ്‌വൃത്തരായ സന്തതികളെ നല്കേണമേ."(37:101)

رَبِّ اِنِّیْ لِمَآ اَنْزَلْتَ اِلَیَّ مِنْ خَيْرٍ فَقِيْرٌ

"എന്റെ നാഥാ, നീ എനിക്ക് ഇറക്കിത്തരുന്ന ഗുണകരമായ ഏതൊന്നിനും ഞാൻ ആവശ്യക്കാരനാണ്."(28:2)

رَبِّ أَوْزِعْنِيٓ أَنْ أَشْكُرَ نِعْمَتَكَ ٱلَّتِيٓ أَنْعَمْتَ عَلَيَّ وَعَلَىٰ وَٰلِدَيَّ وَأَنْ أَعْمَلَ صَٰلِحًا تَرْضَىٰهُ وَأَدْخِلْنِي بِرَحْمَتِكَ فِي عِبَادِكَ ٱلصَّٰلِحِينَ

"എന്റെ നാഥാ, നീ എനിക്കും എന്റെ മാതാപിതാക്കൾക്കും ചെയ്തുതന്ന അനുഗ്രഹത്തിന് നന്ദി കാണിക്കാനും നീ തൃപ്തിപ്പെടുന്ന സൽക്കർമങ്ങൾ അനുഷ്ഠിക്കാനും എന്നെ അനുഗ്രഹിക്കുകയും നിന്റെ കാരുണ്യംകൊണ്ട് നിന്റെ സദ്വൃത്തരായ ദാസന്മാരിൽ നീ എന്നെ ഉൾപ്പെടുത്തുകയും ചെയ്യേണമേ."(27:20)

رَّبِّ أَعُوذُ بِكَ مِنْ هَمَزَٰتِ ٱلشَّيَٰطِينِ ۔ وَأَعُوذُ بِكَ رَبِّ أَن يَحْضُرُونِ

"എന്റെ നാഥാ!അതിക്രമകാരികളായ ആളുകളുടെ ഉപദ്രവത്തിൽനിന്ന് ഞാൻ നിന്നോടു അഭയം തേടുന്നു. എന്റെ നാഥാ! അവർ എന്റെ അടുക്കൽ വരുന്നതിൽനിന്നും ഞാൻ നിന്നെ അഭയം തേടുന്നു."(23:98–99)

رَّبِّ زِدْنِي عِلْمًا

"എന്റെ നാഥാ, നീ എനിക്ക് ജ്ഞാനം വർധിപ്പിച്ചു തരേണമേ."(20:115)

رَبِّ ٱشْرَحْ لِي صَدْرِي ۔ وَيَسِّرْ لِيٓ أَمْرِي ۔ وَٱحْلُلْ عُقْدَةً مِّن لِّسَانِي ۔ يَفْقَهُوا۟ قَوْلِي

"എന്റെ നാഥാ, നീ എനിക്ക് എന്റെ ഹൃദയത്തെ വികസിപ്പിച്ചു തരേണമേ. എന്റെ കാര്യം എളുപ്പമാക്കിത്തരേണമേ. ജനങ്ങൾ എന്റെ വാക്കുകൾ എളുപ്പത്തിൽ മനസ്സിലാക്കുന്നതിനു വേണ്ടി എന്റെ നാവിൽ നിന്ന് കെട്ടഴിച്ചു തരേണമേ."(20:26–29)

رَبَّنَآ ءَاتِنَا مِن لَّدُنكَ رَحْمَةً وَهَيِّئْ لَنَا مِنْ أَمْرِنَا رَشَدًا

"ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് നിന്റെ ഭാഗത്തു നിന്ന് കാരുണ്യം പ്രദാനം ചെയ്യേണമേ. ഞങ്ങളുടെ കാര്യങ്ങളിൽ നീ മാർഗദർശനം നല്കേണമേ."(18:11)

رَّبِّ أَدْخِلْنِي مُدْخَلَ صِدْقٍ وَأَخْرِجْنِي مُخْرَجَ صِدْقٍ وَٱجْعَل لِّي مِن لَّدُنكَ سُلْطَٰنًا نَّصِيرًا

"എന്റെ നാഥാ! ബാഹ്യവും ആന്തരവുമായ നല്ല പ്രവേശനമാർഗത്തിൽ നീ എന്നെ പ്രവേശിപ്പിക്കുകയും ബാഹ്യവും ആന്തരവുമായ നല്ല പുറപ്പെടുന്ന മാർഗത്തിലൂടെ എന്നെ പുറത്തുകൊണ്ടുവരികയും ചെയ്യേണമേ. നിന്റെ പക്കൽനിന്ന് നീ എനിക്ക് ശക്തനായൊരു സഹായകനെ നല്കേണമേ."(17:81)

رَّبِّ ٱرْحَمْهُمَا كَمَا رَبَّيَانِي صَغِيرًا

"എന്റെ നാഥാ, അവർ രണ്ടു പേരും എന്നെ ചെറുപ്രായത്തിൽ പോറ്റി വളർത്തിയതുപോലെ നീയും അവർക്ക് കരുണ ചെയ്യേണമേ."(17:25)

رَبِّ هَبْ لِي حُكْمًا وَأَلْحِقْنِي بِٱلصَّٰلِحِينَ ۔ وَٱجْعَل لِّي لِسَانَ صِدْقٍ فِي ٱلْءَاخِرِينَ ۔ وَٱجْعَلْنِي مِن وَرَثَةِ جَنَّةِ ٱلنَّعِيمِ

"എന്റെ നാഥാ!നീ എനിക്കു വിവേകജ്ഞാനം നല്കുകയും എന്നെ സുകൃതവാന്മാരിൽ ഉൾപ്പെടുത്തുകയും ചെയ്യേണമേ. പിൻതലമുറകളിൽ ശാശ്വതമായി നിലനില്ക്കുന്ന പ്രശംസ നീ എനിക്കു നല്കേണമേ. നീ എന്നെ സുഖാനുഭൂതിയുടെ സ്വർഗത്തിന്റെ അവകാശികളിൽപ്പെട്ടവനാക്കേണമേ."(26:84–86)

رَبِّ إِنِّي ظَلَمْتُ نَفْسِي فَٱغْفِرْ لِي

"എന്റെ നാഥാ! എന്റെ ആത്മാവിനെ ഞാൻ ദ്രോഹിച്ചുപോയി. നീ എനിക്ക് പൊറുത്തു തരേണമേ."(28:17)

رَبَّنَآ أَتْمِمْ لَنَا نُورَنَا وَٱغْفِرْ لَنَآ إِنَّكَ عَلَىٰ كُلِّ شَيْءٍ قَدِيرٌ

"ഞങ്ങളുടെ നാഥാ! ഞങ്ങളുടെ പ്രകാശം ഞങ്ങൾക്കു പൂർത്തീകരിച്ചുതരേണമേ. ഞങ്ങൾക്കു പൊറുത്തു തരേണമേ. തീർച്ചയായും നീ എല്ലാ കാര്യത്തിനും കഴിവുള്ളവനാകുന്നു."(66:9)

رَبَّنَآ ءَامَنَّا فَٱغْفِرْ لَنَا وَٱرْحَمْنَا وَأَنتَ خَيْرُ ٱلرَّٰحِمِينَ

"ഞങ്ങളുടെ നാഥാ! ഞങ്ങൾ വിശ്വസിച്ചു. അതിനാൽ ഞങ്ങൾക്കു പൊറുത്തുതരേണമേ. ഞങ്ങൾക്കു കരുണ ചെയ്യേണമേ; നീ കരുണചെയ്യുന്നവരിൽ ഏറ്റവും ഉത്തമനാണല്ലോ."(23:110)

رَبَّنَا ظَلَمْنَآ أَنفُسَنَا وَإِن لَّمْ تَغْفِرْ لَنَا وَتَرْحَمْنَا لَنَكُونَنَّ مِنَ ٱلْخَٰسِرِينَ

"ഞങ്ങളുടെ നാഥാ! ഞങ്ങൾ ഞങ്ങളോടു തന്നെ തെറ്റുചെയ്തുപോയി; നീ ഞങ്ങൾക്കു പൊറുത്തുതരികയും ഞങ്ങളോടു കരുണ കാട്ടുകയും ചെയ്യാത്തപക്ഷം തീർച്ചയായും ഞങ്ങൾ നഷ്ടപ്പെട്ടവരിൽപ്പെട്ടുപോകും."(7:24)

رَبَّنَا لَا تَجْعَلْنَا مَعَ ٱلْقَوْمِ ٱلظَّٰلِمِينَ

"ഞങ്ങളുടെ നാഥാ!നീ ഞങ്ങളെ അധർമകാരികളായ ജനങ്ങളുടെ കൂടെയാക്കരുതേ."(7:48)

رَبِّ لَا تَذَرْنِي فَرْدًا وَأَنتَ خَيْرُ ٱلْوَٰرِثِينَ

"എന്റെ നാഥാ! എന്നെ തനിയെ വിട്ടു കളയരുതേ! നീ അവകാശമെടുക്കുന്നവരിൽ ഏറ്റവും ഉത്തമനാകുന്നു."(21:90)

قُل رَّبِّ إِمَّا تُرِيَنِّي مَا يُوعَدُونَ ۔ رَبِّ فَلَا تَجْعَلْنِي فِي ٱلْقَوْمِ ٱلظَّٰلِمِينَ

"എന്റെ നാഥാ! അവർക്കു താക്കീതു നല്കപ്പെടുന്ന ശിക്ഷ നീ എനിക്കു കാണിച്ചുതരുന്നപക്ഷം എന്റെ നാഥാ! എന്നെ അക്രമികളായ ജനങ്ങളിൽ ഉൾപ്പെടുത്തരുതേ."(23:94–95)

رَبَّنَا وَسِعْتَ كُلَّ شَيْءٍ رَّحْمَةً وَعِلْمًا فَٱغْفِرْ لِلَّذِينَ تَابُوا۟ وَٱتَّبَعُوا۟ سَبِيلَكَ وَقِهِمْ عَذَابَ ٱلْجَحِيمِ ۔ رَبَّنَا وَأَدْخِلْهُمْ جَنَّٰتِ عَدْنٍ ٱلَّتِي وَعَدتَّهُمْ وَمَن صَلَحَ مِنْ ءَابَآئِهِمْ وَأَزْوَٰجِهِمْ وَذُرِّيَّٰتِهِمْ ۔ إِنَّكَ أَنتَ ٱلْعَزِيزُ ٱلْحَكِيمُ ۔ وَقِهِمُ ٱلسَّيِّـَٔاتِ ۔ وَمَن تَقِ ٱلسَّيِّـَٔاتِ يَوْمَئِذٍ فَقَدْ رَحِمْتَهُۥ ۔ وَذَٰلِكَ هُوَ ٱلْفَوْزُ ٱلْعَظِيمُ

"ഞങ്ങളുടെ നാഥാ! കാരുണ്യവും അറിവും കൊണ്ടു നീ സകല വസ്തുക്കളിലും വ്യാപിച്ചിരിക്കുന്നു. അതിനാൽ പശ്ചാത്പിക്കുകയും നിന്റെ മാർഗം പിന്തുടരുകയും ചെയ്തവർക്കു നീ പൊറുത്തുകൊടുക്കുകയും നരക ശിക്ഷയിൽനിന്ന് അവരെ രക്ഷിക്കുകയും ചെയ്യേണമേ. ഞങ്ങളുടെ നാഥാ നീ അവരോടു വാഗ്ദാനം ചെയ്ത നിത്യവാസത്തിന്റെ ആരാമങ്ങളിൽ നീ അവരെ പ്രവേശിപ്പിക്കേണമേ; അവരുടെ മാതാപിതാക്കളിലും അവരുടെ ഇണകളിലും അവരുടെ സന്താനങ്ങളിലുംനിന്ന് സുകൃതം ചെയ്തവരേയും! തീർച്ചയായും നീ പ്രതാപവനും അഗാധജ്ഞനുമാണ്. നീ അവരെ തിന്മകളിൽനിന്ന് രക്ഷിക്കേണമേ. ആ നാളിൽ നീ ആരെ തിന്മകളിൽനിന്ന് രക്ഷിക്കുമോ തീർച്ചയായും അവനു നീ കരുണ ചെയ്തു. അതുതന്നെയാണ് മഹത്തായ വിജയം. "(40:8–10)

رَبَّنَا ٱغْفِرْ لَنَا وَلِإِخْوَٰنِنَا ٱلَّذِينَ سَبَقُونَا بِٱلْإِيمَٰنِ وَلَا تَجْعَلْ فِي قُلُوبِنَا غِلًّا لِّلَّذِينَ ءَامَنُوا۟ رَبَّنَآ إِنَّكَ رَءُوفٌ رَّحِيمٌ

"ഞങ്ങളുടെ നാഥാ! ഞങ്ങൾക്കു നീ പൊറുത്തുതരേണമേ; ഞങ്ങൾക്കുമുമ്പേ സത്യവിശ്വാസം സ്വീകരിച്ച ഞങ്ങളുടെ സഹോദരങ്ങൾക്കും. സത്യവിശ്വാസികളുടെ നേരെ ഞങ്ങളുടെ ഹൃദയങ്ങളിൽ ഒരു വിദ്വേഷവും ജനിപ്പിക്കരുതേ. ഞങ്ങളുടെ നാഥാ! തീർച്ചയായും നീ കൃപാലുവും കരുണാമയനുമാകുന്നു."(59:11)

رَّبِّ ٱغْفِرْ لِي وَلِوَٰلِدَيَّ وَلِمَن دَخَلَ بَيْتِيَ مُؤْمِنًا وَلِلْمُؤْمِنِينَ وَٱلْمُؤْمِنَٰتِ ۔ وَلَا تَزِدِ ٱلظَّٰلِمِينَ إِلَّا تَبَارًۢا

"എന്റെ നാഥാ! എനിക്കു നീ പൊറുത്തു തരേണമേ. എന്റെ മാതാപിതാക്കൾക്കും എന്റെ വീട്ടിൽ വിശ്വാസികളായി പ്രവേശിച്ചർക്കും മറ്റു സത്യവിശ്വാസികൾക്കും നീ പൊറുത്തുകൊടുക്കേണമേ. അക്രമികൾക്കു നാശമല്ലാതെ മറ്റൊന്നും നീ വർധിപ്പിക്കരുതേ."(71:29)

رَبَّنَا وَءَاتِنَا مَا وَعَدتَّنَا عَلَىٰ رُسُلِكَ وَلَا تُخْزِنَا يَوْمَ ٱلْقِيَٰمَةِ ۔ إِنَّكَ لَا تُخْلِفُ ٱلْمِيعَادَ

"ഞങ്ങളുടെ നാഥാ! നിന്റെ ദൂതന്മാർ മുഖേന നീ ഞങ്ങൾക്കു വാഗ്ദാനം ചെയ്തത് നീ ഞങ്ങൾക്കു നീ പ്രദാനം ചെയ്യേണമേ. പുനരുഥാന നാളിൽ നീ ഞങ്ങളെ അപമാനിക്കരുതേ. നിശ്ചയമായും നീ വാഗ്ദാനം ലംഘിക്കുകയില്ല."(3:195)

أَنتَ وَلِيُّنَا فَٱغْفِرْ لَنَا وَٱرْحَمْنَا وَأَنتَ خَيْرُ ٱلْغَٰفِرِينَ

"നീ ഞങ്ങളുടെ രക്ഷാകർത്താവാണ്. അതുകൊണ്ട് നീ ഞങ്ങൾക്കു പൊറുത്തുതരേണമേ. നീ ഞങ്ങൾക്കു കരുണ ചെയ്യേണമേ. പൊറുക്കുന്നവരിൽവച്ച് നീ ഏറ്റവും ഉത്തമനാണല്ലോ."(7:156)

رَبَّنَا ٱصْرِفْ عَنَّا عَذَابَ جَهَنَّمَ إِنَّ عَذَابَهَا كَانَ غَرَامًا

"ഞങ്ങളുടെ നാഥാ! ഞങ്ങളിൽനിന്ന് നരകശിക്ഷയെ തിരിച്ചുവിടേണമേ. തീർച്ചയായും അതിന്റെ ശിക്ഷ വളരെ വലിയ നാശമാണ്."(25:66)

رَبَّنَآ إِنَّنَآ ءَامَنَّا فَٱغْفِرْ لَنَا ذُنُوبَنَا وَقِنَا عَذَابَ ٱلنَّارِ

"ഞങ്ങളുടെ നാഥാ!ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ ഞങ്ങളുടെ പാപങ്ങൾ നീ ഞങ്ങൾക്കു പൊറുത്തുതരേണമേ. നരക ശിക്ഷയിൽനിന്ന് നീ ഞങ്ങളെ കാത്തുരക്ഷിക്കേണമേ."(3:17)

رَبِّ ٱجْعَلْنِي مُقِيمَ ٱلصَّلَوٰةِ وَمِن ذُرِّيَّتِي رَبَّنَا وَتَقَبَّلْ دُعَآءِ ۔ رَبَّنَا ٱغْفِرْ لِي وَلِوَٰلِدَيَّ وَلِلْمُؤْمِنِينَ يَوْمَ يَقُومُ ٱلْحِسَابُ

"എന്റെ നാഥാ, നീ എന്നെ നമസ്കാരം നല്ല പോലെ നിർവഹിക്കുന്നവനാക്കേണമേ; എന്റെ സന്തതികളിൽനിന്നും. ഞങ്ങളുടെ നാഥാ, എന്റെ പ്രാർഥന സ്വീകരിച്ചാലും. ഞങ്ങളുടെ നാഥാ, എനിക്കും എന്റെ മാതാപിതാക്കൾക്കും സത്യവിശ്വാസികൾക്കും വിചാരണ നിലവിൽ വരുന്ന നാളിൽ പൊറുത്തു തരേണമേ."(14:41–42)

رَبِّ نَجِّنِي وَأَهْلِي مِمَّا يَعْمَلُونَ

"എന്റെ നാഥാ! എന്നേയും എന്റെ കുടുംബത്തേയും അവരുടെ പ്രവർത്തനങ്ങളിൽനിന്ന് രക്ഷിക്കേണമേ(26:170)

رَبِّ إِنَّ قَوْمِي كَذَّبُونِ ۔ فَٱفْتَحْ بَيْنِي وَبَيْنَهُمْ فَتْحًا وَنَجِّنِي وَمَن مَّعِيَ مِنَ ٱلْمُؤْمِنِينَ

"എന്റെ നാഥാ! എന്റെ ജനം എന്നെ നിഷേധിച്ചിരിക്കുന്നു. അതുകൊണ്ട് എനിക്കും അവർക്കും ഇടയിൽ നീ ഖണ്ഡിതമായ ഒരു തീരുമാനം കല്പിക്കുകയും എന്നേയും എന്നോടൊപ്പമുള്ള സത്യവിശ്വാസികളേയും രക്ഷിക്കുകയും ചെയ്യേണമേ."(26:118–119)

رَبِّ ٱنصُرْنِي عَلَى ٱلْقَوْمِ ٱلْمُفْسِدِينَ

"എന്റെ നാഥാ! നാശകാരികളായ ജനതയ്ക്കെതിരായി എന്നെ നീ സഹായിക്കേണമേ." (29:31)

أَنِّي مَغْلُوبٌ فَٱنتَصِرْ

"ഞാൻ പരാജിതനാണ്. എന്നെ നീ സഹായിക്കേണമേ."(54:11)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

رَبَّنَا لَا تُؤَاخِذۡنَاۤ اِنۡ نَّسِيۡنَاۤ اَوۡ اَخۡطَاۡنَا۔ رَبَّنَا وَلَا تَحۡمِلۡ عَلَيۡنَاۤ اِصۡرًا كَمَا حَمَلۡتَهٗ عَلَى الَّذِيۡنَ مِنۡ قَبۡلِنَا رَبَّنَا وَلَا تُحَمِّلۡنَا مَا لَا طَاقَةَ لَنَا بِهٖ وَاعۡفُ عَنَّا وَاغۡفِرۡلَنَا وَارۡحَمۡنَاۤ اَنۡتَ مَوۡلٰنَا فَانۡصُرۡنَا عَلَى الۡقَوۡمِ الۡكٰفِرِيۡنَ

"ഞങ്ങളുടെ നാഥാ! ഞങ്ങൾ മറന്നുപോകയോ തെറ്റു ചെയ്യുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഞങ്ങളെ ശിക്ഷിക്കരുതേ. ഞങ്ങൾക്കു മുമ്പേ ഉണ്ടായിരുന്നവരുടെമേൽ ചുമത്തിയതുപോലുള്ള ഭാരം ഞങ്ങളുടെമേൽ ചുമത്തരുതേ. ഞങ്ങളുടെ നാഥാ! ഞങ്ങൾക്കു വഹിക്കാൻ കഴിവില്ലാത്ത ഭാരം ഞങ്ങളുടെമേൽ ചുമത്തരുതേ. ഞങ്ങൾക്കു മാപ്പു നല്കേണമേ. ഞങ്ങൾക്കു പൊറുത്തു തരേണമേ. ഞങ്ങളോടു കരുണ കാണിക്കേണമേ. നീയാണ് ഞങ്ങളുടെ രക്ഷാധികാരി. അതിനാൽ സത്യനിഷേധികളായ ജനങ്ങൾക്കെതിരിൽ ഞങ്ങളെ സഹായിക്കേണമേ."(2:287)

رَبَّنَاۤ اَفۡرِغۡ عَلَيۡنَا صَبۡرًا وَّثَبِّتۡ اَقۡدَامَنَا وَانۡصُرۡنَا عَلَى الۡقَوۡمِ الۡكٰفِرِيۡنَ

"ഞങ്ങളുടെ നാഥാ! ഞങ്ങൾക്കു നീ സഹനശക്തി ചൊരിഞ്ഞു തരികയും ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തുകയും അവിശ്വാസികൾക്കെതിരെ ഞങ്ങളെ നീ സഹായി ക്കുകയും ചെയ്യേണമേ."(2:251)

رَبَّنَا اغۡفِرۡلَنَا ذُنُوۡبَنَا وَاِسۡرَافَنَا فِيۡۤ اَمۡرِنَا وَثَبِّتۡ اَقۡدَامَنَا وَانۡصُرۡنَا عَلَى الۡقَوۡمِ الۡكٰفِرِيۡنَ

"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളെയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തെയും നീ ഞങ്ങൾക്ക് പൊറുത്തു തരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചു നിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരെ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ."(3:148)

رَبَّنَا افۡتَحۡ بَيۡنَنَا وَبَيۡنَ قَوۡمِنَا بِالۡحَقِّ وَاَنۡتَ خَيۡرُ الۡفٰتِحِيۡنَ

"ഞങ്ങളുടെ നാഥാ! ഞങ്ങളുടേയും ഞങ്ങളുടെ ജനങ്ങളുടേയും ഇടയിൽ സത്യമനുസരിച്ച് നീ തീരുമാനം കല്പിക്കേണമേ. തീരുമാനം ചെയ്യുന്നവരിൽവച്ച് നീ ഏറ്റവും ഉത്തമനാണല്ലോ."(7:90)

رَبَّنَا لَا تَجۡعَلۡنَا فِتۡنَةً لِّلۡقَوۡمِ الظّٰلِمِيۡنَ وَنَجِّنَا بِرَحۡمَتِكَ مِنَ الۡقَوۡمِ الۡكٰفِرِيۡنَ

"ഞങ്ങളുടെ നാഥാ, അക്രമികളായ ജനങ്ങൾക്ക് നീ ഞങ്ങളെ പരീക്ഷണമാക്കരുതേ. അവിശ്വാസികളായ ജനങ്ങളിൽ നിന്ന് നിന്റെ കാരുണ്യത്താൽ നീ ഞങ്ങളെ രക്ഷിക്കേണമേ."(10:86–87)

رَبِّ انۡصُرۡنِيۡ بِمَا كَذَّبُوۡنِ

"എന്റെ നാഥാ! അവർ എന്നെ നിഷേധിച്ച കാരണത്താൽ നീ എന്നെ സഹായിക്കേണമേ."(23:40)

رَبِّ ابۡنِ لِيۡ عِنۡدَكَ بَيۡتًا فِي الۡجَنَّةِ وَنَجِّنِيۡ مِنۡ فِرۡعَوۡنَ وَعَمَلِهٖ وَنَجِّنِيۡ مِنَ الۡقَوۡمِ الظّٰلِمِيۡنَ

"എന്റെ നാഥാ! നീ എനിക്കുവേണ്ടി നിന്റെ സവിധത്തിലുള്ള സ്വർഗത്തിൽ ഒരു ഭവനം പണിതുതരേണമേ. ഫിർഔനിൽനിന്നും അവന്റെ ചെയ്തികളിൽനിന്നും നീ എന്നെ രക്ഷിക്കേണമേ. അക്രമികളായ ജനങ്ങളിൽനിന്ന് നീ എനിക്ക് മോചനം നല്കുകയും ചെയ്യേണമേ."(66:12)

ഇനി നബി(സ)തിരുമേനി പഠിപ്പിച്ച ചില ഹദീഥുകളിലെ ദുആകളാണ്.

اَللّٰهُمَّ لَكَ اَسۡلَمۡتُ وَعَلَيۡكَ تَوَكَّلۡتُ وَبِكَ اٰمَنۡتُ وَاِلَيۡكَ اَنَبۡتُ وَبِكَ خَاصَمۡتُ وَاِلَيۡكَ حَاكَمۡتُ فَاغۡفِرۡلِيۡ مَا قَدَّمۡتُ وَمَا اَخَّرۡتُ وَمَا اَسۡرَرۡتُ وَمَا اَعۡلَنۡتُ اَنۡتَ الۡمُقَدِّمُ وَاَنۡتَ الۡمُؤَخِّرُ لَاۤ اِلٰهَ اِلَّاۤ اَنۡتَ۔

"അല്ലാഹുവേ, എന്റെ തെറ്റുകൾ നീ പൊറുത്തു തരേണമേ. എന്റെ കാര്യങ്ങളിൽ അജ്ഞത കൊണ്ടും അതിർലംഘനംകൊണ്ടും ഉണ്ടാകുന്ന കുഴപ്പങ്ങളിൽനിന്നും എന്നെ രക്ഷിക്കേണമേ. എല്ലാ നഷ്ടങ്ങളിൽനിന്നും കുഴപ്പങ്ങളിൽ നിന്നും രക്ഷിക്കേണമേ. എന്നേക്കാളധികം അതിരിയുന്നവൻ നീയാണല്ലോ. അല്ലാഹുവേ, എന്റെ തെറ്റു കുറ്റങ്ങൾ നീ മാപ്പാക്കേണമേ. അറിഞ്ഞും അറിയാതെയും കളിതമാശയായും വന്നു പോയിട്ടുള്ള എല്ലാ ചെയ്തികളും നീ പൊറുത്തു തരേണമേ. ആ തെറ്റുകളെല്ലാം എന്നിലുണ്ട്. എന്നിൽ നിന്നുണ്ടായതും ഇപ്പോൾ ഉണ്ടായിട്ടില്ലാത്തതും എന്നിൽ നിന്നും മറഞ്ഞിരിക്കുന്നതും പരസ്യമായതുമായ എല്ലാ തെറ്റുകുറ്റങ്ങളും നീ പൊറുത്തു തന്നാലും. മുന്നോട്ടു നയിക്കുന്നവനും പിന്നോട്ടു മാറ്റുന്നവനും നീ തന്നെയാകുന്നു. നീ സർവ്വ കാര്യങ്ങൾക്കും കഴിവുള്ളവനാകുന്നു."(സ്വഹീഹ് ബുഖാരി, കിതാബുദ്ദഅ്വാത്ത് ഹദീഥ് 6398)

اَللّٰهُمَّ لَكَ اَسۡلَمۡتُ وَعَلَيۡكَ تَوَكَّلۡتُ وَبِكَ اٰمَنۡتُ وَاِلَيۡكَ اَنَبۡتُ وَبِكَ خَاصَمۡتُ وَاِلَيۡكَ حَاكَمۡتُ فَاغۡفِرۡلِيۡ مَا قَدَّمۡتُ وَمَا اَخَّرۡتُ وَمَا اَسۡرَرۡتُ وَمَا اَعۡلَنۡتُ اَنۡتَ الۡمُقَدِّمُ وَاَنۡتَ الۡمُؤَخِّرُ لَاۤ اِلٰهَ اِلَّاۤ اَنۡتَ۔

അവിടന്ന് ദുആ ചെയ്തു: "അല്ലാഹുവേ! ഞാൻ എന്നെ നിന്നെ ഏല്പിക്കുകയും നിന്നിൽ ഭരമേല്പിക്കുകയും നിന്നിൽ വിശ്വസിക്കുകയും നിന്നിലേക്ക് കുനിയുകയും നിന്റെ സഹായത്തോടെ എതിരാളികളോടു സംവദിക്കുകയും നിന്റെ സമക്ഷം എന്റെ കേസ് അവതരിപ്പിക്കുകയും ചെയ്യുന്നു. നീ എന്റെ മുന്നിലുള്ളതും പിന്നിലുള്ളതും പരസ്യമായതും രഹസ്യമായതുമായ പാപങ്ങൾ പൊറുത്തു തരേണമേ. ആദിയും അന്ത്യനും നീ തന്നെയാണ്. നീയല്ലാതെ മറ്റൊരാരാധ്യനുമില്ല."(സ്വഹീഹ് ബുഖാരി, കിതാബുദ്ദഅ്വാത്ത് ഹദീഥ് 6317)

اَللّٰهُمَّ اَنۡتَ رَبِّيۡ لَاۤ اِلٰهَ اِلَّاۤ اَنۡتَ خَلَقۡتَنِيۡ وَاَنَا عَبۡدُكَ وَاَنَا عَلٰى عَهۡدِكَ وَوَعۡدِكَ مَا اسۡتَطَعۡتُ اَعُوۡذُبِكَ مِنۡ شَرِّ مَا صَنَعۡتُ اَبُوۡءُ لَكَ بِنِعۡمَتِكَ عَلَيَّ وَاَبُوۡءُ لَكَ بِذَنۡبِيۡ فَاغۡفِرۡلِيۡ فَاِنَّهٗ لَا يَغۡفِرُ الذُّنُوۡبَ اِلَّاۤ اَنۡتَ

"അല്ലാഹുവേ! നീ എന്റെ രക്ഷിതാവാണ്. നീയല്ലാതെ ഒരു ആരാധ്യനുമില്ല. നീയാണ് എന്നെ സൃഷ്ടിച്ചത്. ഞാൻ നിന്റെ അടിമയാണ്. ഞാൻ നിന്റെ പ്രതിജ്ഞയിലും വാഗ്ദാനത്തിലും എനിക്കു കഴിയുന്നിടത്തോളം നിലകൊള്ളുന്നു. ഞാൻ എന്റെ കർമങ്ങളുടെ ദോഷങ്ങളിൽനിന്നും നിന്നെ അഭയം പ്രാപിക്കുന്നു. എന്റെ മേലുള്ള നിന്റെ അനുഗ്രഹങ്ങൾ സമ്മതിക്കുന്നു. എന്റെ പാപങ്ങളും ഏറ്റു പറയുന്നു. എനിക്കു പൊറുത്തുതന്നാലും. നീയല്ലാതെ പാപങ്ങൾ പൊരുക്കുന്നവൻ ആകുമില്ല."

اَللّٰهُمَّ اِنِّيۡۤ اَعُوۡذُبِكَ مِنۡ قَلۡبٍ لَا يَخۡشَعُ وَمِنۡ دُعَآءٍ لَا يُسۡمَعُ وَمِنۡ نَفۡسٍ لَا تَشۡبَعُ وَمِنۡ عِلۡمٍ لَا يَنۡفَعُ۔ اَعُوۡذُبِكَ مِنۡ هٰؤُلَآءِ الۡاَرۡبَعِ۔

"അല്ലാഹുവേ!എന്റെ വിനയവും താഴ്മയുമില്ലാത്ത ഹൃദയത്തിൽ നിന്ന് ഞാൻ നിന്നെ അഭയം തേടുന്നു. സ്വീകരിക്കപ്പെടാത്ത ദുആയിൽനിന്നും ഒരിക്കലും തൃപ്തിയടയാത്ത നഫ്സിൽ നിന്നും പ്രയോജനം ചെയ്യാത്ത അറിവിൽ നിന്നും ഞാൻ നിന്നെ അഭയം തേടുന്നു. ഈ നാലുകാര്യങ്ങളിൽ നിന്നും ഞാൻ നിന്നെ അഭയം തേടുന്നു.(സുനനുത്തുർമുദി, അബ് വാബുദ്ദഅ്വാത്ത് ഹദീഥ് 3482)

يَا مُقَلِّبَ الۡقُلُوۡبِ ثَبِّتۡ قَلۡبِيۡ عَلٰى دِيۡنِكَ۔

"അല്ലയോ ഹൃദയങ്ങളെ മാറ്റിമറിക്കുന്നവനേ, എന്റെ ഹൃദയത്തെ ദീനിൽ ഉറപ്പിച്ചു നിറുത്തിയാലും."(സുനനുത്തുർമുദി, അബ്വാബുൽ ഖദ്ർ ഹദീഥ് 2140)

اَللّٰهُمَّ اِنِّيۡۤ اَسۡئَلُكَ الۡهُدٰى وَالتُّقٰى وَالۡعَفَافَ وَالۡغِنٰى۔

"അല്ലാഹുവേ, ഞാൻ നിന്നോട് സന്മാർഗവും സുക്ഷ്മതയും പരിശുദ്ധിയും സ്വാശ്രയത്വവും ചോദിക്കുന്നു."(സുനനുത്തുർമുദി, അബ്വാബുദ്ദഅ്വാത്ത് ഹദീഥ് 3489)

اَللّٰهُمَّ اِنَّا نَجۡعَلُكَ فِيۡ نُحُوۡرِهِمۡ وَنَعُوۡذُبِكَ مِنۡ شُرُوۡرِهِمۡ۔

"അല്ലാഹുവേ! അവരെ നേരിടാൻ ഞങ്ങൾ നിന്നെത്തന്നെ അവരുടെ നെഞ്ചകങ്ങളിൽ ആക്കുന്നു. അവരുടെ എല്ലാ ദ്രോഹങ്ങളിൽനിന്ന് ഞങ്ങൾ നിന്നോടു രക്ഷ തേടുകയും ചെയ്യുന്നു."(സുനൻ അബുദാവൂദ് കിതാബുൽവിത്ർ ഹദീഥ് 1537)

اَللّٰهُمَّ اِنِّيۡۤ اَسۡئَلُكَ حُبَّكَ وَ حُبَّ مَنۡ يُّحِبُّكَ وَالۡعَمَلَ الَّذِيۡ يُبَلِّغُنِيۡ حُبَّكَ۔ اَللّٰهُمَّ اجۡعَلۡ حُبَّكَ اَحَبَّ اِلَيَّ مِنۡ نَفۡسِيۡ وَاَهۡلِيۡ وَمِنَ الۡمَآءِ الۡبَارِدِ۔

"അല്ലാഹുവേ, നിന്റെ പ്രീതിയും നിന്നെ സ്നേഹിക്കുന്നവരുടെ പ്രീതിയും നിന്റെ പ്രീതിയെ പ്രാപിക്കുവാനുള്ള പ്രവൃത്തികൾക്കുമായി ഞാൻ നിന്നോട് ചോദിക്കുന്നു. അല്ലാഹുവേ, നിന്നോടുള്ള ഇഷ്ടം എന്നേക്കാളും എന്റെ കുടുംബത്തേക്കാളും തണുത്ത പാനീയത്തേക്കാളും ഏറെ ഇഷ്ടപ്പെട്ടതാക്കി മാറ്റേണമേ."(സുനനുത്തുർമുദി, അബ്വാബുദ്ദഅ്വാത്ത് ഹദീഥ് 3490)

ദീർഘമായൊരു ദുആ ഉണ്ട്. ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) രിവായത്തു ചെയ്യുന്നു: അദ്ദേഹം നബി(സ)തിരുമേനി ഈ ദുആ ചെയ്യുന്നതായി കേട്ടു. അല്ലാഹുവേ! ഞാൻ നിന്റെ പ്രത്യേകമായ കാരുണ്യം തേടുന്നു. അതുമുഖേന നീ എന്റെ മനസ്സിന് ഹിദായത്ത് നല്കിയാലും. എന്റെ ജോലി നിറവേറ്റിത്തന്നാലും. ചിതറിക്കിടക്കുന്ന എന്റെ ജോലികൾ നേരെയാക്കിത്തന്നാലും. എന്നിൽനിന്ന് തെറ്റിപ്പോയവരെ കൂട്ടിച്ചേർത്താലും. ഞാനുമായി ബന്ധം വെക്കുന്നവർക്ക് ഉയർച്ച നല്കിയാലും. നീ നിന്റെ കരുണ മുഖേന എന്റെ കർമങ്ങൾ പരിശുദ്ധമാക്കിയാലും........അല്ലാഹുവേ! എന്റെ മനസ്സിൽ പ്രകാശത്തിന്റെ മഹത്വം ഉണ്ടാക്കിയാലും. എന്റെ അടിമുടി പ്രകാശം തന്നെയാക്കിയാലും. (സുനനുത്തുർമുദി)

ഇനി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളാണ്. അദ്ദേഹം തന്റെ ഒരു സ്വഹാബിക്ക് എഴുതിയ ദുആ:

يَا مَنۡ هُوَ اَحَبُّ مِنۡ كُلِّ مَحۡبُوۡبٍ اِغۡفِرۡلِيۡ وَتُبۡ عَلَيَّ وَاَدۡخِلۡنِيۡ فِيۡ عِبَادِكَ الۡمُخۡلَصِيۡنَ۔

ചൗധരി റുസ്തം അലി സാഹിബിനാണ് ഈ ദുആ എഴുതിയത്: ഇഷ്ടപ്പെട്ടവരിൽ ഏറ്റവുമധികം ഇഷ്ടപ്പെടാൻ അർഹനായനവനേ, എനിക്കു പൊറുത്തു തരികയും എന്നിൽ കരുണ കാണിക്കുകയും ചെയ്യേണമേ. എന്നെ ആത്മാർഥരായ ദാസരിൽ പ്രവേശിപ്പിക്കുകയും ചെയ്യേണമേ. ഞങ്ങൾ നിന്റെ പാപികളായ ദാസരാണ്. സ്വേച്ഛ ഞങ്ങളെ ബാധിച്ചിരിക്കുന്നു. ഞങ്ങൾക്കു മാപ്പു തരികയും പരലോകശിക്ഷയിൽ നിന്ന് രക്ഷിക്കുകയും ചെയ്യേണമേ.(ബദ്ർ 1906 ജൂലായ് 26)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

അല്ലാഹുവിൽ വിലയം പ്രാപിക്കുന്നതിനുള്ള ദുആ അവിടന്ന് പഠിപ്പിച്ചു.

“അല്ലയോ റബ്ബുൽ ആലമീനേ! നിന്റെ ഉപകാരങ്ങൾക്ക് നന്ദി പറയാൻ ഞാൻ അശക്തനാണ്, നീ അങ്ങേയറ്റം റഹീമും കരീമുമാകുന്നു. നീ ഞങ്ങൾക്ക് അളവറ്റ ഔദാര്യങ്ങൾ ചെയ്തു. ഞങ്ങൾ നശിക്കാതിരിക്കാൻ ഞങ്ങൾക്കു പൊറുത്തു തന്നാലും. ഞങ്ങൾക്കു ജീവൻ ലഭിക്കാൻ ഞങ്ങളുടെ ഹൃദയത്തിൽ നിന്നോടുള്ള കറയറ്റ സ്നേഹം നിറച്ചാലും. എന്റെ കുറ്റങ്ങൾ മറച്ചു വെയ്ക്കേണമേ. നീ തൃപ്തിപ്പെട്ട കർമങ്ങൾ നീ എന്നെക്കൊണ്ട് ചെയ്യിക്കേണമേ. നിന്റെ കോപത്തിന് പാത്രമാകുന്നതിൽ നിന്ന് നിന്നെ അഭയം പ്രാപിക്കുന്നു. കരുണ ചൊരിഞ്ഞാലും, കരുണ ചൊരിഞ്ഞാലും, കരുണ ചൊരിഞ്ഞാലും. ഇഹപരലോകത്തെ വിപത്തുകളിൽനിന്ന് എന്നെ രക്ഷിക്കേണമേ. എന്തെന്നാൽ എല്ലാ അനുഗ്രഹങ്ങളും നിന്റെ കരങ്ങളിലാണ്. ആമീൻ” (മക്തൂബാത്തെ അഹ്മദ്. വാല്യം 2 പേജ് 159)

മുസ്‌ലിംലോകത്തെ പൊതുവായ നിലയിൽ ദുആയിൽ ഓർക്കേണ്ടതാണ്. അല്ലാഹു അവരിൽ ഐക്യം ഉണ്ടാക്കുമാറാകട്ടെ. ഭിന്നിച്ചിരിക്കുന്ന മനസ്സുകൾ കൂടിച്ചേരുമാറാകട്ടെ. പരസ്പരമുള്ള വിദ്വേഷം അവസാനിക്കുമാറാകട്ടെ. ഇസ്‌ലാമിന്റെ ശത്രുക്കളെ ഉപദ്രവിക്കുന്നതിൽനിന്ന് അവർ എല്ലാ വിധത്തിലും പിന്മാറട്ടെ. അല്ലാഹു എല്ലാ അഹ്മദികളിലും സന്തുഷ്ടി സംജാതമാക്കട്ടെ. എല്ലാ കുഴപ്പങ്ങളിൽ നിന്നും രക്ഷിക്കുമാറാകട്ടെ. അവർക്ക് സ്ഥിരചിത്തത പ്രദാനം ചെയ്യുമാറാകട്ടെ. അവർ എപ്പോഴും ജമാഅത്ത് വ്യവസ്ഥിതിയോടും ഖിലാഫത്ത് വ്യവസ്ഥിതിയോടും ഒട്ടിച്ചേർന്നു നില്ക്കുന്നവരാകട്ടെ. അല്ലാഹു നമ്മെ ദജ്ജാലിന്റെ ഫിത്നകളിൽ നിന്ന് രക്ഷിക്കുമാറാകട്ടെ. അഹ്മദീ ശുഹദാക്കളുടെ ദർജകൾ ഉയർത്തുമാറാകട്ടെ. അവരുടെ കുടുംബങ്ങളെ സംരക്ഷിക്കുമാറാകട്ടെ. ദൈവമാർഗത്തിൽ തടവു ശിക്ഷ അനുഭവിക്കുന്നവരുടെ മോചനത്തിനുള്ള ഏർപ്പാട് അല്ലാഹു ഒരുക്കുമാറാകട്ടെ. ഖാദിയാനിലുള്ള ചിലരും പ്രയാസങ്ങളിലാണ്. അതുപോലെത്തന്നെ പാക്കിസ്താനിലുള്ളവരും. പ്രത്യേകിച്ച്, റബ്‌വയിലുള്ളവരുടെ അവസ്ഥ പറയുമ്പോൾ ഭരണകൂടം അവരെ ഞെരുക്കി കൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി അവർ ശ്രമിച്ചു കൊണ്ടിരിക്കുന്നു. അല്ലാഹു അവർക്കും അക്രമികളിൽ നിന്ന് മോചനം നല്കുമാറാകട്ടെ. അവരുടെ അവസ്ഥ മെച്ചപ്പെടുത്തുമാറാകട്ടെ. ഈയിടെ യമനിൽ വീണ്ടും ശക്തമായ ആക്രമണം ആരംഭിച്ചിരിക്കുന്നു. ഇറാക്കിലും സിറിയയിലും ഫിർഖകളും ഗോത്രങ്ങളും തമ്മിലുള്ള ഭിന്നിപ്പ് കാരണം അവിടെ മുസ്‌ലിംകൾ മുസ്‌ലിംകളുടെതന്നെ കഴുത്തറുക്കുകയാണ്. അല്ലാഹു അവർക്ക് ബുദ്ധി നല്കുമാറാകട്ടെ. നബി(സ)തിരുമേനിയുടെ അധ്യാപനങ്ങളെ യഥാർഥ നിലയിൽ പ്രാവർത്തികമാക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. അതുപോലെത്തന്നെ, ജമാഅത്തിന്റെ വിവിധ പദ്ധതികളിലും ചന്ദകളിലും സാമ്പത്തിക ത്യഗങ്ങളിലും മുന്നേറുന്നവരുടെ സമ്പത്തിലും സന്താനങ്ങളിലും അല്ലാഹു അഭിവൃദ്ധി നല്കുമാറാകട്ടെ. അതുപോലെ തബ്‌ലീഗ് രംഗത്ത് എംടിഎ വളരെ വലിയ പങ്കാണ് വഹിക്കുന്നത്. എം.ടി.എ പ്രവർത്തകർക്കും സന്നദ്ധസേവകർക്കും മുമ്പത്തേക്കാളുപരി സേവനം ചെയ്യാനുള്ള തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

# ദൈവഭയത്താലുള്ള കണ്ണീർ

“സൂഫിവര്യന്മാർ പറയുന്നു: ഒരു വ്യക്തിക്ക് അല്ലാഹുവിനോടുള്ള ഭയം കാരണം 40 ദിവസത്തിൽ ഒരിക്കൽപോലും കണ്ണിൽനിന്ന് കണ്ണീർ ഒഴുകിയിട്ടില്ലെങ്കിൽ അയാളുടെ മരണം സത്യവിശ്വാസത്തിൽ ഉറച്ചുനിന്നിട്ടുള്ള മരണം തന്നെയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഇക്കാലത്ത് 40 ദിവസം പോയിട്ട് 40 വർഷത്തിൽ ഒരിക്കൽപോലും ഇത് സംഭവിക്കുന്നില്ല. ഇതിനെക്കുറിച്ച് ജനങ്ങൾക്ക് ചിന്തപോലുമില്ല. വിപത്തുകൾ വരുന്നതിനുമുമ്പേ രക്ഷാമാർഗം സ്വീകരിക്കുന്നവനാണ് ബുദ്ധിശാലി. വിപത്തുകൾ ഇറങ്ങാൻ തുടങ്ങിയാൽ ശാസ്ത്രത്തിനോ പണത്തിനോ ഒന്നും ചെയ്യാൻ സാധ്യമല്ല. മനുഷ്യൻ ആരോഗ്യവാനായിരിക്കുമ്പോഴേ കൂട്ടുകാർപോലും ഉണ്ടാകുകയുള്ളൂ. ഇല്ലെങ്കിൽ വെള്ളം നൽകാൻപോലും ആരും ഉണ്ടാവില്ല. ആപത്തുകൾ അനവധിയാണ്. ഉറുമ്പുകളെപോലെ വിപത്തുകൾ മനുഷ്യന് ചുറ്റും വലയം ചെയ്തു കൊണ്ടിരിക്കുമെന്ന് തിരുദൂതരുടെ വചനമുണ്ട്. അല്ലാഹുവുമായി സുദൃഢമായ ബന്ധമുള്ളവൻ വിപത്തുകളിൽനിന്ന് സംരക്ഷിക്കപ്പെടുന്നു. ഇവരെപോലെ മറ്റുള്ളവർ സംരക്ഷിക്കപ്പെടുകയില്ല. ദൈവവുമായുള്ള സുദൃഢബന്ധം അനിവാര്യമാണ്. വിപത്തുകളിൽനിന്ന് ഓരോരുത്തർക്കും ഓരോ അംശം ലഭിക്കും. *ഇന്ന മഅൽ ഉസ്‌രി യുസ്റാ* എന്നാൽ, ഇതോർത്ത് നിരാശനാകാൻ പാടില്ല. ശാന്തിയും ആരോഗ്യവുമുള്ള അവസരങ്ങൾ അമൂല്യമായി കരുതുക. സമാധാനാന്തരീക്ഷത്തിലും ആരോഗ്യാവസ്ഥയിലും അല്ലാഹുവിലേക്ക് തിരിയുന്നവർക്ക് പ്രയാസങ്ങളും രോഗങ്ങളും വരുമ്പോൾ അല്ലാഹു സഹായിക്കുന്നതാണ്. സത്യഹൃദയത്തോടുകൂടിയുള്ള വണക്കം ഒരു കോട്ടമതിലാണ്. ഒരു ശത്രുവിനും പുറമേനിന്ന് അതിനെ ആക്രമിക്കാൻ കഴിയില്ല.” (മൽഫൂസാത്ത്, വാല്യം–5, പേ–638)

## ലാ വസിയ്യത്ത ലിവാരിഥിൻ

**(അനന്തരാവകാശിക്ക് വസിയ്യത്ത് ചെയ്യൽ നിഷിദ്ധമാണ്)**

അതായത് മകൻ, പിതാവ്, ഭാര്യ എന്നിവരെപ്പോലെ സ്വയം ശരീഅത്തുപരമായി അനന്തരാവകാശിയായിട്ടുള്ളവൻ കൂടുതൽ വസിയ്യത്ത് ചെയ്യുന്നത് നിഷിദ്ധമാണ്. ഇസ്‌ലാമിക ധർമശാസ്ത്രം സ്വയം ഓഹരി നിശ്ചയിച്ചിട്ടുള്ളവൻ അനന്തരാവകാശ സ്വത്തിനെക്കാളധികം വസിയ്യത്ത് ചെയ്യുന്നത് അനുവദനീയമല്ലാത്തതാണ്. അനന്തരാവകാശി അല്ലാത്തവർക്ക് ഉദാഹരണത്തിന് സഹോദരി, സഹോദരൻ, പൗത്രൻ എന്നിവർക്കുവേണ്ടി മൂന്നിലൊന്ന് സ്വത്തിൽനിന്ന് വസിയ്യത്ത് ചെയ്യാവുന്നതാണ്. (അർബഈനെ അത്ഫാൽ തയ്യാറാക്കിയത് മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബ് (റ))






**( പേജ് 1ൽനിന്ന്)**

ശ്രദ്ധിച്ചുകേൾക്കുക. നിങ്ങൾ അന്യസമുദായങ്ങളെക്കണ്ട് അവർ ഭൗതികമായ പദ്ധതികളിൽ അഭിവൃദ്ധിപ്പെട്ടിരിക്കുന്നുവെന്നും, അതുകൊണ്ട് വരിക! നമുക്കും അവരുടെ ചവിട്ടടികളിലൂടെ നടക്കാമെന്നും ആശിച്ചുപോകരുത്. കേൾക്കുകയും മനസ്സിലാക്കുകയും ചെയ്യുവിൻ. നിങ്ങളെ തന്നിലേക്കു വിളിക്കുന്ന ദൈവത്തിൽനിന്ന് അവർ അങ്ങേയറ്റം അപരിചിതരും അശ്രദ്ധരുമാണ്. അവരുടെ ദൈവം എന്തു വസ്തുവാണ്? കേവലം ദുർബലനായ ഒരു മനുഷ്യൻ! ഇതുകൊണ്ട് അവർ അശ്രദ്ധയിൽ തള്ളപ്പെട്ടിരിക്കുന്നു. ഞാൻ നിങ്ങളെ ദുൻയാവിലെ സമ്പാദ്യത്തിൽനിന്നും തൊഴിലെടുക്കുന്നതിൽനിന്നും തടയുന്നില്ല. എന്നാൽ, നിങ്ങൾ സകലതും ദുൻയാവുതന്നെ എന്നു കരുതുന്നവരുടെ അനുയായികളായിത്തീരരുത്. നിങ്ങൾ എല്ലാ ഓരോ പ്രവൃത്തിയിലും അത് ഭൗതികമോ മതപരമോ ആവട്ടെ അല്ലാഹുവിനോട് കരുത്തും കഴിവും തേടിക്കൊണ്ടേയിരിക്കേണ്ടതാണ്. എന്നാൽ, വെറും വരണ്ടുണങ്ങിയ ചുണ്ടുകളാലല്ല, മറിച്ച് എല്ലാ ഓരോ അനുഗ്രഹവും ഉപരിലേകത്ത് നിന്നുമാത്രമാണിറങ്ങുന്നതെന്ന യഥാർഥമായ വിശ്വാസം നിങ്ങൾക്കുണ്ടായിരിക്കേണ്ടതാണ്. ഓരോ പ്രവർത്തനവേളയിലും ഓരോ വിഷമസന്ധിയിലും നിങ്ങൾ എന്തെങ്കിലും പ്രയത്നിക്കുന്നതിനു മുമ്പേ നിങ്ങൾ വാതിൽ അടക്കുകയും അല്ലാഹുവിന്റെ തിരുസന്നിധിയിൽ വീഴുകയും ഞങ്ങൾക്കീ പ്രയാസം നേരിട്ടിരിക്കുന്നു, നിന്റെ അനുഗ്രഹംകൊണ്ട് അത് അകറ്റിത്തരേണമേ എന്ന് പ്രാർഥിക്കുകയും ചെയ്യുന്നവരെപ്പോലെ ആകുമ്പോൾ മാത്രമേ നിങ്ങൾ സത്യവാന്മാരാകുകയുള്ളൂ. അപ്പോൾ പരിശുദ്ധാത്മാവ് നിങ്ങളെ സഹായിക്കുകയും അദൃശ്യത്തിൽനിന്ന് എന്തെങ്കിലും വഴി നിങ്ങൾക്ക് തുറക്കുകയും ചെയ്യുന്നതായിരിക്കും. നിങ്ങളുടെ ജീവനോടു കരുണ കാണിക്കുക. അല്ലാഹുവുമായിട്ടുള്ള ബന്ധം തികച്ചും വിച്ഛേദിക്കുകയും പൂർണമായും ഭൗതികമായ വഴിയിൽ വീഴുകയും ശക്തി ചോദിച്ചുവാങ്ങുന്നതിനായി വായകൊണ്ട് ഇൻശാഅല്ലാഹ് എന്നുപോലും പറയാതിരിക്കുകയും ചെയ്യുന്നവരുടെ അനുയായികൾ ആകാതിരിക്കുക. നിങ്ങളുടെ ദൈവം എല്ലാ പ്രയത്നങ്ങളുടേയും മോന്തായമാണെന്നു കണ്ടറിയാൻ ദൈവം നിങ്ങളുടെ കണ്ണുകൾ തുറക്കുമാറാകട്ടെ. മോന്തായം വീണാൽ കഴുക്കോലുകൾ അതിന്റെ സ്ഥാനത്ത് നില്ക്കുമോ? ഇല്ല; അതുക്ഷണത്തിൽ നിലംപൊത്തും. പലരും മരിക്കാനും ഇടയുണ്ട്. ഇപ്രകാരം നിങ്ങളുടെ പ്രയത്നം ദൈവസഹായം കൂടാതെ നിലനില്ക്കുന്നതല്ല. നിങ്ങൾ അവനോട് സഹായം ചോദിക്കാതിരിക്കുകയും പ്രവർത്തിക്കാനുള്ള ശക്തി അവനോട് ചോദിക്കുന്നത് ഒരു ശീലമാക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ നിങ്ങൾക്കൊരു വിജയവും ലഭിക്കുകയില്ല. അവസാനം വലിയ നിരാശയോടെ മരിക്കുകയും ചെയ്യും.”(കശ്തിയെ നൂഹ് റൂഹാനീ ഖസാഇൻ വാല്യം 19 പേജ് 19–23)

1. ദൈവം ഒരു പ്രവൃത്തിയിലും കെല്പില്ലാത്തവനായി വരുന്നില്ല. എന്നാൽ, അല്ലാഹുവിന്റെ ഗ്രന്ഥം പ്രാർഥനയെ കുറിച്ചുള്ള നിയമത്തിൽ അവൻ വളരെ അധികം കാരുണ്യത്തോടെ നല്ല മനുഷ്യരുമായി സുഹൃത്തുക്കളെപോലെ പെരുമാറുന്നതാണെന്ന് പറയുന്നു. അതായത് ചിലപ്പോൾ അവൻ തന്റെ ഇഷ്ടം ഉപേക്ഷിച്ചുകൊണ്ട് അവന്റെ പ്രാർഥന സ്വീകരിക്കുന്നു. ഇതുസംബന്ധിച്ച് അല്ലാഹു പറയുന്നു: اُدْعُوْنِيْٓ اَسْتَجِبْ لَكُمْ നിങ്ങൾ എന്നെ വിളിക്കുക. ഞാൻ നിങ്ങൾക്ക് ഉത്തരം നല്കുന്നതാണ്. ചിലപ്പോൾ തന്റെ ഇഷ്ടം നടപ്പാക്കുന്നു.

അതായത് وَلَنَبْلُوَنَّكُمْ بِشَيْءٍ مِّنَ الْخَوْفِ وَالْجُوْعِ(2: 156). അവൻ ഇപ്രകാരം ചെയ്യുന്നത് ചിലപ്പോൾ മനുഷ്യന്റെ പ്രാർഥനയ്ക്കനുസരിച്ച് അവനോടു പെരുമാറി ദൃഢവിശ്വാസത്തിലും ദൈവജ്ഞാനത്തിലും പുരോഗതി പ്രാപിക്കുവാനും ചിലപ്പോൾ തന്റെ ഇഷ്ടം നടപ്പാക്കി അവന് തന്റെ ഇഷ്ടത്തിന്റെ പരിവേഷം അണിയിക്കുവാനും അവന്റെ പദവി ഉയർത്തി അവനെ സ്നേഹിച്ച് നേർമാർഗത്തിൽ നടത്തുവാനും ആകുന്നു.

# 2017 യൂ കെ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ തിരക്കുകൾ

**യഥാർഥ ഇസ്‌ലാമിന്റെ സന്ദേശം മുഴുലോകത്തും തീർച്ചയായും എത്തുന്നതാണ്.**

**യുവതലമുറയെ വിദ്യാസമ്പന്നരാക്കുക. അവരുടെ പരിശീലനത്തിന് പരിപാടികൾ തയ്യാറാക്കുക. ഖുദ്ദാമുൽ അഹ്മദിയ്യായുടെ പ്രതിജ്ഞ അവരുടെ മനസ്സുകളിൽ കുടിയിരുത്തുക; നിങ്ങൾ ഈ പ്രതിജ്ഞ ചെയ്തിരിക്കുകയാണെന്നും അതുകൊണ്ട് ത്യാഗം ചെയ്യണമെന്നും പൂർണമായും അനുസരിക്കണമെന്നും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കണമെന്നും അവരോടു പറയുക.**

**തർബിയ്യത്തിന് ഒരു ചെറിയ പദ്ധതി ഉണ്ടാക്കുക. ഒരു ദീർഘമായ പദ്ധതിയും ഉണ്ടാക്കുക. ചെറിയ പദ്ധതിയിൽ നമസ്കാരങ്ങൾ നിർവഹിക്കുന്നതിലേക്ക് ശ്രദ്ധ ഉണ്ടാകണം. കുറച്ചു ദീനീപരമായ അറിവുണ്ടാകണം. യോഗങ്ങളിൽ ഹാജർനില വർധിപ്പിക്കണം. ജമാഅത്തിന്റെ പ്രവൃത്തികളിൽ അവരെ പങ്കെടുപ്പിക്കണം. ഖുദ്ദാമിനെ കളികളിൽ ചേർക്കുക. ഇപ്രകാരം ഒരു അറ്റാച്ച്മെന്റുണ്ടാകും. സാമ്പത്തികവ്യവസ്ഥിതിയിൽ അവരെ ചേർക്കുക. സാമ്പത്തികത്യാഗത്തിലേക്ക് അവരുടെ ശ്രദ്ധ ക്ഷണിക്കുക. എം.ടി.എയുടെ പ്രാധാന്യം പറയുകയും എം.ടി.എയുമായി അറ്റാച്ചുണ്ടാക്കുകയും ചെയ്യുക.**

**മുബല്ലിഗുമാർക്ക് സയ്യിദുനാ അമീറുൽമുഅ്മിനീന്റെ നിർദ്ദേശങ്ങളും സുവർണമായ ഉപദേശങ്ങളും**

**യഥാർഥ ഇസ്‌ലാമിന്റെ സന്ദേശം ലോകം മുഴുവനും തീർച്ചയായുമെത്തുമെന്ന അതിയായ പ്രതീക്ഷയിലും പോസിറ്റീവായിട്ടുള്ള ചിന്തയിലുമാണ് ഞാനുള്ളത്. തങ്ങൾക്കൊരു സ്രഷ്ടാവുണ്ടെന്നും, ഒരു സർവശക്തനായ അല്ലാഹു ഉണ്ടെന്നും ലോകത്തിന് ബോധമുണ്ടാകണമെന്നതാണ് ഞങ്ങളുടെ ഉദ്ദേശ്യം. പരസ്പരം ആദരിച്ചുകൊണ്ട് ഞങ്ങൾക്ക് ഈ ഉദ്ദേശ്യം കരസ്ഥമാക്കണം; ഖിയാമത്തുന്നാൾവരെ ഈ ഉദ്ദേശ്യം കൈവിടുകയില്ല.**

**( ഹുദൂർ അൻവർ അയ്യദഹുല്ലായുമായി ബി.ബി.സി വേൾഡിന്റെ ജേർണലിസ്റ്റു നടത്തിയ അഭിമുഖം)**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

പരിഭാഷ:മൗലവി അമീൻ മുഹമ്മദ്, മാത്ര

**(കഴിഞ്ഞ ലക്കം തുടർച്ച)**....അതിനുശേഷം കനഡ ജമാഅത്ത് മുബല്ലിഗ് ഇസ്ഫന്ദ് സുലയ്മാൻ അഹ്മദ് സാഹിബ് ഹുദൂറുമായി ഓഫീസ് സംബന്ധമായി കൂടിക്കാഴ്ച നടത്തുകയും ചില സംഘടനാപരമായ കാര്യങ്ങൾ ഹുദൂറിന്റെ സന്നിധിയിൽ അവതരിപ്പിച്ച് മാർഗദർശനം തേടുകയും ചെയ്തു.

അതിനുശേഷം മഖ്സൻ തസ്വാവീർ വകുപ്പ് ഇൻചാർജ് സാഹിബും അൻസ്വാർ ദഫ്ത്തർ പ്രൈവറ്റ് സെക്രട്ടറി വകുപ്പ് ഇൻചാർജ് സാഹിബും റഖീം പ്രസ് യു.കെ ഇൻചാർജ് സാഹിബും എം.ടി.എ യുടെ പ്രോഗ്രാമിംഗ് ഡയറക്ടറും ഊഴമനുസരിച്ച് ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അവരവരുടെ വകുപ്പുകളെ സംബന്ധിച്ച് വിവിധ കാര്യങ്ങൾ അവതരിപ്പിച്ച് മാർഗനിർദ്ദേശം തേടി.

ഓഫീസ് സംബന്ധമായുള്ള ഈ കൂടിക്കാഴ്ചാപരിപാടി രണ്ട് മണിവരെ തുടർന്നു. അതുകഴിഞ്ഞ് ഹുദൂർ അൻവർ മസ്ജിദ് ഫള്ൽ ലണ്ടനിലെത്തി ളുഹ്ർ-അസ്ർ നമസ്കാരങ്ങൾ ജംഅ്ആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്കുപോയി.

## വ്യക്തിപരവും കുടുംബപരവുമായ കൂടിക്കാഴ്ചകൾ

പരിപാടിയനുസരിച്ച് ഇന്ന് വൈകുന്നേരം 5.15ന് വിവിധ രാജ്യങ്ങളിൽനിന്നുവന്ന ജമാഅത്തംഗങ്ങളും കുടുംബങ്ങളും ഹുദൂറുമായി കൂടിക്കാഴ്ചകൾ നടത്താൻതുടങ്ങി. ഇന്ന് 16 കുടുംബങ്ങളിലെ 90 ആളുകൾക്കു പുറമെ 23 ആളുകൾ വ്യക്തിപരമായ നിലയിലും കൂടിക്കാഴ്ച നടത്തി. ഇങ്ങനെ മൊത്തം 113 ആളുകളാണ് കൂടിക്കാഴ്ച നടത്തിയത്. കൂടിക്കാഴ്ച നടത്തിയ ഈ കുടുംബങ്ങൾ താഴെ പറയുന്ന 14 രാജ്യങ്ങളിൽനിന്ന് വന്നവരായിരുന്നു. പാക്കിസ്താൻ, കനഡ, അമേരിക്ക, ഗ്വാട്ടിമാല, സിയറാ ലിയോൺ, ഇന്ത്യ, ജർമനി, ഹോളണ്ട്, ഫ്രാൻസ്, ഗാംബിയ, കെനിയ, അയർലാന്റ്, ന്യൂസിലാന്റ്, യു.കെ. അവരിൽ ഓരോരുത്തരും ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു. ഹുദൂർ അയ്യദഹുല്ലാഹ് വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകളും ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നൽകി അനുഗ്രഹിച്ചു.

കൂടിക്കാഴ്ചയുടെ ഈ പരിപാടി വൈകുന്നേരം 8.45വരെ നീണ്ടു. അതിനുശേഷം ഹുദൂർ മസ്ജിദ് ഫള്ലിൽ വന്ന് മഗ്രിബ്, ഇശാ ജംഅ്ആക്കി നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്കുപോയി.

## 2017 ആഗസ്ത് 14 തിങ്കളാഴ്ച

ഇന്ന് ബഹുമാന്യ നാളിർ സാഹിബ് അഅ്ലാ, നാളിർ സാഹിബ് ദീവാൻ, അഡ്മിനിസ്ട്രേറ്റർ സാഹിബ് ത്വാഹിർ ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട്, ഇൻചാർജ് സാഹിബ് ഹോമിയോപ്പതി ഡിപ്പാർട്ട്മെന്റ്, എഡിറ്റർ സാഹിബ് റിവ്യൂ ഓഫ് റിലീജ്യൻസ്, അഡീഷണൽ വക്കീലുൽമാൽ സാഹിബ് ലണ്ടൻ, അഡീഷണൽ വക്കീലുത്ത്ബ്ശീർ ലണ്ടൻ, ഫിലിപൈൻ സ്വദർ ജമാഅത്തായ ഇൻചാർജ് മുബല്ലിഗ് എന്നിവർ ഹുദൂറുമായി ഓഫീസു സംബന്ധമായ കൂടിക്കാഴ്ച നടത്തുകയും വിവിധ കാര്യങ്ങൾ അവതരിപ്പിച്ച് നിർദ്ദേശങ്ങൾ തേടുകയും ചെയ്തു.

ഫിലിപൈൻ സ്വദർ ജമാഅത്തായ ഇൻചാർജ് മുബല്ലിഗ് കൂടിക്കാഴ്ചയ്ക്കിടയിൽ പറഞ്ഞു: 'അസൈലിമുകളിലുള്ള ചിലയാളുകൾക്ക് കേസ് പാസായതിനുശേഷം തുടർന്ന് മറ്റൊരു രാജ്യത്തും പോകാൻ സാധിക്കുകയില്ല. അതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകുന്നു. ജോലിയും ചെയ്യുന്നില്ല.' അപ്പോൾ ഹുദൂർ പറഞ്ഞു: 'അവിടെ താമസിച്ച് അധ്വാനിക്കേണ്ടിവരുന്നു. പണം സമ്പാദിക്കുന്നതിന് ജോലി ചെയ്യേണ്ടിവരുന്നു. അധ്വാനിച്ചും ജോലി ചെയ്തും അവിടെ കഴിയാൻ പറ്റുന്നില്ലെങ്കിൽ അവരോടു പറയുക പാക്കിസ്താനിൽ മടങ്ങിപ്പോകുന്നതാണ് നല്ലതെന്ന്.'

ശൂറാ വ്യവസ്ഥിതിയെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു: 'ഫിലിപൈനിൽ ശൂറാ വ്യവ്യവസ്ഥിതി തുടങ്ങുക. നാഷണൽ ആമിലായുടെ അംഗങ്ങളും ജമാഅത്തുകളിലെ സ്വദർമാരും നിയമമനുസരിച്ച് ഉപസംഘടനകളുടെ അംഗങ്ങളായിരിക്കും. നിങ്ങൾ നിങ്ങളുടെ തജ്നീദിൽ 70 അംഗങ്ങളുടെ മജ്‌ലിസെ ശൂറാ രൂപീകരിക്കുക.'

ഹുദൂർ പറഞ്ഞു: 'പുതിയ ജമാഅത്താണ്. നിങ്ങൾക്ക് അവിടെത്തെ പ്രകൃതിയനുസരിച്ച് പണിയെടുക്കേണ്ടിവരും. മെല്ലെ മെല്ലെ ചെയ്യേണ്ടതായിവരും. തർബിയ്യത്തിനുവേണ്ടി ഒരു ചെറിയ പദ്ധതി ഉണ്ടാക്കുക. ഒരു ദീർഘമായ പദ്ധതിയുമുണ്ടാക്കുക. ചെറിയ പദ്ധതിയിൽ നമസ്കാരങ്ങൾ നിർവഹിക്കുന്നതിലേക്ക് ശ്രദ്ധിക്കുക. കുറച്ച് മതപരമായ അറിവുണ്ടാകണം. യോഗങ്ങളിൽ ഹാജർനില വർധിപ്പിക്കുക. ജമാഅത്തുപരമായ പ്രവർത്തനങ്ങളിൽ ആളുകളെ ചേർക്കുക. ഖാദിംകളെ കളികളിൽ പങ്കെടുപ്പിക്കുക. അപ്പോൾ ഒരു അറ്റാച്ച്മെന്റ് ഉണ്ടാകുന്നതാണ്. സാമ്പത്തികവ്യവസ്ഥിതിയിൽ പങ്കെടുപ്പിക്കുക. ധനത്യാഗങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുക. എം.ടി.എയുടെ പ്രാധാന്യം പറഞ്ഞുകൊടുക്കുകയും അതുമായി അറ്റാച്ച് ഉണ്ടാക്കുകയും ചെയ്യുക.'

ഫിലിപൈനിലെ പുതിയ മസ്ജിദിന്റെ നിർമാണപ്രവർത്തനങ്ങൾ വിലയിരുത്തിയതിനുശേഷം ഹുദൂർ ചില സംഘടനാപരമായ കാര്യങ്ങൾക്ക് നിർദ്ദേശങ്ങൾ നല്കി. ഖുത്ബ ജുമുആയുടെ തർജമയെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു: 'തദ്ദേശഭാഷകളിൽ ഖുത്ബ ജുമുആയുടെ ഓഡിയോ-വീഡിയോയും ജമാഅത്തുകളിൽ കേൾപ്പിക്കുക.' ജമാഅത്തുകളിൽ എം.ടി.എയുടെ ഡിഷ് ഘടിപ്പിക്കുന്നതിനെ സംബന്ധിച്ചും ഹുദൂർ ചില നിർദ്ദേശങ്ങൾ നല്കി.

തബ്‌ലീഗ് സംബന്ധിച്ച് ഹുദൂർ പറഞ്ഞു: 'രണ്ടു നാലാളുകളെ തിരഞ്ഞെടുത്ത് അവരെ തബ്‌ലീഗിന് തയ്യാറാക്കുക. പിന്നീട് മെല്ലെമെല്ലെ നിങ്ങളുടെ ടീം വർധിക്കുന്നതാണ്.' ഹുദൂർ പറഞ്ഞു: 'ജമാഅത്തിന്റെ സന്ദേശമെത്തിക്കുന്നതിന് ബ്രോഷർ വിതരണം ചെയ്യുക. മസീഹ് വന്നുവെന്ന് ജനങ്ങളോടു പറയുക. മസീഹ് മൗഊദ്(അ)ന്റെ അധ്യാപനം പറഞ്ഞുകൊടുക്കുക. നിങ്ങളുടെ കൂടെ വന്ന അതിഥികളുമൊത്ത് തബ്‌ലീഗ് ചെയ്യുക. അവർ തബ്‌ലീഗ് ചെയ്യാൻ ആഗ്രഹിക്കുന്നവരാണ്. നഗരത്തിന് വെളിയിൽപോയി തബ്‌ലീഗ് ചെയ്യുക. ഗ്രാമങ്ങളിൽ പോകുക. വില്ലേജുകളിൽ പോകുക. യാഥാർഥ്യങ്ങളടങ്ങിയ പദ്ധതികൾ ഉണ്ടാക്കുക.'

ഹുദൂർ പറഞ്ഞു: 'ഹദ്റത്ത് ഈസാ(അ)യ്ക്ക് 12 ഹവാരിംകൾ ഉണ്ടായിരുന്നു. ഹദ്റത്ത് മൂസാ(അ)യ്ക്കും 12 ഹവാരിംകളുണ്ടായിരുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വേമ്പലെ കോൺഫ്രൻസിൽ തന്റെ കൂടെ 12 ഹവാരിംകളെ കൊണ്ടുവന്നിരുന്നു.' ഹുദൂർ പറഞ്ഞു: 'നി ങ്ങളും 10, 12 പേരെ തബ്‌ലീഗ് ചെയ്യുന്നതിനും സന്ദേശമെത്തിക്കുന്നതിനും മറ്റുള്ളവർക്ക്

തർബിയ്യത്ത് കൊടുക്കുന്നതിനും തയ്യാറാക്കുക. ജമാഅത്ത് രൂപീകരിച്ചിട്ടുള്ളിടങ്ങളിൽ അവരെ നല്ലവണ്ണം എസ്റ്റാബ്ലിഷ് ചെയ്യുക. പിന്നീട് മുന്നോട്ടു പോകുക. കൂടുതൽ സ്റ്റേഷനുകളുണ്ടാക്കിക്കൊണ്ടുപോകുക. ആദ്യം ഒരു സ്ഥലത്ത് ചുവടുറപ്പിക്കുക. താവളമുണ്ടാക്കുക. പിന്നീട് അടുത്ത താവളമുണ്ടാക്കുക.' ഹുദൂർ പറഞ്ഞു: 'പൊതുവായിട്ടുള്ള തബ്‌ലീഗ് ചെയ്യുക. എല്ലാ ഓരോരുത്തർക്കും സന്ദേശമെത്തിക്കുക. എല്ലായിടത്തും എത്തിക്കുക. ഓരോരുത്തരും മുഖേനയാണെങ്കിൽ ആദ്യമേതന്നെ എല്ലാ ഓരോരുത്തർക്കും അഹ്മദിയ്യത്തിന്റെ സന്ദേശത്തെക്കുറിച്ച് അറിവുണ്ടാകും. ജമാഅത്തിനെക്കുറിച്ച് അറിവുണ്ടാകും. ജമാഅത്തുകൾ സുസ്ഥിരവും ശക്തവും കർമനിരതവുമാകുന്നതും ഒരു തബ്‌ലീഗാണ്. സുസംഘടിതവും നല്ല ശിക്ഷണം ലഭിച്ചവരുമാകണം.' ഹുദൂർ പറഞ്ഞു: ഫിലിപൈനിൽ ഇന്തൊനേഷ്യക്കാരുമുണ്ടാകും. അവരെ എങ്ങനെയാണ് തബ്‌ലീഗ് ചെയ്യേണ്ടത്. അതിനെകുറിച്ചും വിലയിരുത്തുക. 5,7 വർഷം സർവെ ചെയ്ത് കഴിഞ്ഞുപോകും. പിന്നീട് ഇതിനിടയിൽ 5,7 ആളുകളെ ജോലി ചെയ്യാൻ കിട്ടുന്നതാണ്.'

ഹുദൂർ പറഞ്ഞു: 'ജയിലുകളുമായും ബന്ധം വെക്കുക. നിങ്ങളുടെ ബന്ധങ്ങളിൽ ആ ആളുകൾക്ക് സുഹൃത്പരമായ നിലയിൽ ഇസ്‌ലാമികാധ്യാപനങ്ങൾ പറഞ്ഞുകൊടുക്കുക. ആദ്യം വിലയിരുത്തുക. പിന്നീട് യുക്തിപൂർവം അവർക്ക് സന്ദേശമെത്തിക്കുക. നിങ്ങളുടെ പബ്ലിക് റിലേഷൻ വർധിപ്പിക്കുക. പോലീസ് കമ്മീഷണറും പട്ടാളവും ബ്യൂറോക്രൈറ്റ്സുമായിട്ടുള്ള നിങ്ങളുടെ ബന്ധം വർധിപ്പിക്കുക. വീഡിയോകൾ തയ്യാറാക്കി കാണിക്കുക. പാർലമെന്റിൽ ചെയ്ത പ്രഭാഷണങ്ങളുണ്ട്, ക്യാപിറ്റൽ ഹില്ലിൽ ചെയ്ത പ്രഭാഷണങ്ങളുമുണ്ട്. യൂറോപ്യൻ പാർലമെന്റിൽ ചെയ്ത പ്രസംഗമുണ്ട്. 10, 15 മിനിറ്റ് വീഡിയോസ് കാണിക്കുക. ഒപ്പം ബ്രോഷറും കൊടുക്കുക. ജമാഅത്തിന്റെ പ്രവർത്തനമെന്താണെന്ന് അവർക്ക് അറിയാൻ കഴിയും.'

ഹുദൂർ പറഞ്ഞു: 'വർഷത്തിൽ ഒന്നുരണ്ടുതവണ ഏതെങ്കിലും നല്ല ഹോട്ടലിൽ പരിപാടി സംഘടിപ്പിക്കുക. സെമിനാർ നടത്തുക. പീസ് സിമ്പോസിയം സംഘടിപ്പിക്കുക. ഉയർന്ന പദവിയിലുള്ളവരെ ക്ഷണിക്കുക. ഇപ്രകാരംതന്നെ പ്രദേശത്തുള്ള വലിയ മൗലവിമാരേയും ക്ഷണിക്കുക. പൊതുബന്ധമുണ്ടാക്കുന്നതിന് അവരുമായി ബന്ധം വെക്കുക. ഇതിന് നിങ്ങളുടെപക്കൽ ഒരു ബജറ്റുണ്ടാകേണ്ടതാണ്. എന്റെ പ്രസംഗം കാണിക്കുക. മറ്റു ഉയർന്ന ആളുകളുടെ അഭിപ്രായങ്ങളും പ്രദർശിപ്പിക്കുക.'

വിശുദ്ധഖുർആനിന്റെ തർജമയെ സംബന്ധിച്ച് ഹുദൂർ പറഞ്ഞു: 'വിശുദ്ധഖുർആനിന്റെ തർജമ ചെയ്തുകൊണ്ടിരിക്കുന്നുവെങ്കിൽ ഈ വർഷം പ്രസിദ്ധീകരിക്കുക.'

ഹുദൂർ പറഞ്ഞു: 'ഹ്യൂമാനിറ്റി ഫസ്റ്റിന്റെ പ്രൊജക്ട് ഏതെങ്കിലും റിമോട്ട് ഏരിയായിൽ ചെയ്യുക. അതിനുവേണ്ടിയുള്ള പരിപാടികളെഴുതി തബ്ശീറിന് അയക്കുക.'

അവസാനം ഹുദൂർ ഫിലിപൈൻ മുബല്ലിഗിനെ ഉപദേശിച്ചുകൊണ്ടുപറഞ്ഞു: 'സ്വന്തം ഇച്ഛാശക്തി വർധിപ്പിക്കുക. സ്വയം കുട്ടിയെന്ന് മനസ്സിലാക്കരുത്. പരിഭ്രമിക്കരുത്. നിങ്ങളുടെ മുമ്പിൽ ഈ പദ്യശകലം എപ്പോഴും ഉണ്ടാകണം.

'മഹ്മൂദ് കർ കെ ഛോഡേംഗെ ഹം ഹഖ്കൊ
റൂയെ സമീൻകൊ ഖ്വാഹ് ഹിലാന പഡേ ഹമേ.'

ഇതിനു പുറമെ ബിബിസി വേൾഡിന്റെ ഒരു ജേർണലിസ്റ്റ് ഹുദൂറുമായി അഭിമുഖവും നടത്തി. ആ ജേർണലിസ്റ്റ് 2017 യുകെ. ജൽസയെ സംബന്ധിച്ച് ഒരു ഡോക്യുമെന്ററി തയ്യാറാക്കിയിരുന്നു. അതിൽ ജമാഅത്തിനെ വിശദമായി പരിചയപ്പെടുത്തുകയും, ജൽസയുടെ ഉദ്ദേശ്യങ്ങളും നവഅഹ്മദികളുമായുള്ള ഇന്റർവ്യൂകളും ജമാഅത്തിന്റെമേൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമങ്ങളും ഉണ്ടായിരുന്നു. ഈ ഡോക്യുമെന്ററി ബിബിസി റേഡിയോ ചാനലിന്റെ പ്രസിദ്ധമായ പരിപാടി Heart & soulÂ The Caliphate in the Countryside എന്ന ശീർഷകത്തിൽ പ്രക്ഷേപണം ചെയ്തിരുന്നു. ഈ ഡോക്യുമെന്ററിക്ക് ലോകം മുഴുവൻ നല്ല വരവേൽപാണ് ലഭിച്ചത്. ഈ ഡോക്യുമെന്ററിയിൽ ഹുദൂറിന്റെ ഇന്റർവ്യൂവിനെ താഴെ പറയുന്ന ഭാഗവും പ്രക്ഷേപണം ചെയ്തിരുന്നു.

ജേർണലിസ്റ്റ് ചോദിച്ചു: ഇക്കാലത്ത് ഖിലാഫത്തിന്റെ ആവശ്യമെന്താണ്? ഹുദൂർ പറഞ്ഞു: 'ഇക്കാലത്ത് ധാരാളം നാമധാരികളായ മുസ്‌ലിം ഉലമാക്കാൾ വിശുദ്ധഖുർആനിന്റെ അധ്യാപനങ്ങളെ തെറ്റായ രീതിയിൽ അവതരിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ജിഹാദ് എന്നതിന്റെ അർഥം കേവലം പരിശ്രമം, കഠിനാധ്വാനം എന്നൊക്കെയാണ്. വാളുകൊണ്ടുള്ള ജിഹാദ് ഇസ്‌ലാമിന്റെ യഥാർഥ ഉദ്ദേശ്യമല്ല. ഇസ്‌ലാമിന്റെ യഥാർഥ ലക്ഷ്യം സ്വന്തം ആത്മാവിന്റെ പരിഷ്കരണമാണ്. ഇക്കാരണത്താലാണ് ഇക്കാലത്ത് ഖിലാഫത്തിന്റെ ആവശ്യമുള്ളത്.

ജേർണലിസ്റ്റ്: ഒരു ഖലീഫ എന്ന നിലയിൽ താങ്കളുടെ ജോലി എന്താണ്?

ഹുദൂർ: എന്റെ ജോലി ആ ഉദ്ദേശ്യം മുന്നോട്ടു കൊണ്ടുപോകുക എന്നതാണ്. അതിനുവേണ്ടിയാണ് അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ലോകത്തുവന്നത്. അതായത് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനങ്ങൾ ജീവിപ്പിക്കുക. അവിടന്ന് പറഞ്ഞു: 'രണ്ടു ഉദ്ദേശ്യവുമായിട്ടാണ് ഞാൻ വന്നിട്ടുള്ളത്. ഒന്നാമത്തേത് മനുഷ്യകുലത്തെ തങ്ങളുടെ സ്രഷ്ടാവിനോടുള്ള കടമകളെ കുറിച്ച് ബോധവൽക്കരിക്കുക. രണ്ടാമത്തേത് അവനെ മനുഷ്യകുലത്തിനോടുള്ള കടമകളെക്കുറിച്ച് ബോധവാന്മാരാക്കുക. ഇതുതന്നെയാണ് എന്റെ ലക്ഷ്യവും. ശാന്തിയുടേയും സ്നേഹത്തിന്റേയും പ്രീതിയുടേയും സാഹോദര്യത്തിന്റേയും സന്ദേശം മുഴുലോകത്തും പ്രചരിപ്പിക്കുക.'

ജേർണലിസ്റ്റ്: വിശ്വാസത്തിനും മതത്തിനും വേണ്ടി ജീവൻപോലും വകവെക്കാതിരിക്കാനുള്ള എന്തു കാര്യമാണ് അഹ്മദികളുടെ ഉള്ളിലുള്ളത്?

ഹുദൂർ: താങ്കൾ ഈ മതം സ്വീകരിച്ചിട്ടുള്ളത് അല്ലാഹുവിനുവേണ്ടിയാണെന്ന വിശ്വാസം താങ്കൾക്കുണ്ടെങ്കിൽ താങ്കൾ എന്തു ത്യാഗം ചെയ്യുകയാണെങ്കിലും അത് ദൈവത്തിന്റെ പ്രീതിയ്ക്കുവേണ്ടിയായിരിക്കും. ഇക്കാരണത്താൽ അഹ്മദി തങ്ങളുടെ വിശ്വാസത്തിൽ വളരെ കരുത്തരാണ്. ഇഹലോകം മാത്രമല്ല ഞങ്ങളുടെ ജീവിതലക്ഷ്യമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. ഇക്കാര്യം ചില മറ്റു നാമധാരികളായ ഉലമാക്കളും മൗലവിമാരും തെറ്റായരീതിയിൽ വിവരിക്കാറുണ്ട്. നിങ്ങൾ ആരുടെയെങ്കിലും ജീവനെടുത്താൽ സ്വർഗത്തിൽ പോകുമെന്ന് അവർ പറയുന്നു. ഞങ്ങളുടെ പക്കൽ അത് അങ്ങനെയല്ല. അഹ്മദികൾ എപ്പോഴും ശാന്തിയുടേയും സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും സന്ദേശം പ്രചരിപ്പിക്കുന്നവരാണ്. മറ്റു തീവ്രവാദ സംഘടനകൾ ഇസ്‌ലാമികാധ്യാപനങ്ങൾ തെറ്റായ രീതിയിൽ പ്രചരിപ്പിക്കുന്നവരാണ്. വിദ്വേഷം പരത്തുന്നവരാണ്; നിങ്ങളുടെ പക്കൽ എന്തെങ്കിലും നല്ല കാര്യമുണ്ടെങ്കിൽ, നല്ലത് ലോകത്തിന് കൊടുക്കാനാഗ്രഹിക്കുന്നെങ്കിൽ ലോകം അത് വാങ്ങുന്നതാണ്. അതുകൊണ്ടാണ് യഥാർഥ ഇസ്‌ലാമികസന്ദേശം ഇതാണെന്നും ഇങ്ങനെ തങ്ങൾക്ക് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാകുമെന്നും ബോധമുള്ളവർ ഞങ്ങളോടൊപ്പം ചേരുന്നത്.

ജേർണലിസ്റ്റ്: താങ്കളുടെ ജമാഅത്തിന്റെ ഭാവിയെന്താണ്? ലോകജനങ്ങളിൽ ഭൂരിപക്ഷവും താങ്കളുടെ ജമാഅത്തിൽ ഒരുകാലത്ത് പ്രവേശിക്കുമെന്ന് താങ്കൾ കരുതുന്നുണ്ടോ?

ഹുദൂർ: ഞാൻ തികവാർന്ന പ്രതീക്ഷയിലാണുള്ളത്. എന്റെ ചിന്ത പോസിറ്റീവായിട്ടുള്ളതാണ്. യഥാർഥ ഇസ്‌ലാമിന്റെ സന്ദേശം മുഴുലോകത്തും തീർച്ചയായും എത്തുന്നതാണ്. ഇതുതന്നെയാണ് ഞങ്ങളുടെ ലക്ഷ്യവും. ഒരു സ്രഷ്ടാവുണ്ടെന്നും സർവശക്തനായ അല്ലാഹു ഉണ്ടെന്നും മുഴുലോകത്തിനും ബോധ്യമാകണം. പരസ്പരം ആദരിച്ചുകൊണ്ട് ഞങ്ങൾക്ക് ഈ ഉദ്ദേശ്യം കരസ്ഥമാക്കേണ്ടതുണ്ട്. പുനരുഥാന നാൾവരെ ഈ സന്ദേശം കൈവിടാൻ പാടില്ല.

ഓഫീസു സംബന്ധമായും ഇന്റർവ്യൂപരവുമായുള്ള ഈ പരിപാടി 1.45 വരെ തുടർന്നു. പിന്നീട് ഹുദൂർ മസ്ജിദ് ഫള്‌ലിലെത്തി. ളുഹ്ർ നമസ്കരിപ്പിച്ചു. നമസ്കാരത്തിനുശേഷം ഹുദൂർ തന്റെ താമസസ്ഥലത്തേക്കുപോയി. അതിനുശേഷം ഹുദൂർ മസ്ജിദ് ഫള്‌ലിൽ വന്ന് 5.30ന് അസ്ർ നമസ്കരിപ്പിച്ചു.

## വ്യക്തിപരമായും കുടുംബപരവുമായുള്ള കൂടിക്കാഴ്ചകൾ

പരിപാടിയനുസരിച്ച് ഇന്ന് അസ്ർ നമസ്കാരത്തിനുശേഷം വിവിധ രാജ്യങ്ങളിൽനിന്നുവന്ന ജമാഅത്തംഗങ്ങളുമായും കുടുംബങ്ങളുമായുള്ള ഹുദൂറിന്റെ കൂടിക്കാഴ്ച ആരംഭിച്ചു. ഇന്ന് 24 കുടുംബങ്ങളിൽനിന്നുള്ള 120 ആളുകൾക്കു പുറമെ, 13 ആളുകൾ വ്യക്തിപരമായും കൂടിക്കാഴ്ച നടത്തി. ഇങ്ങനെ മൊത്തം 123 അംഗങ്ങളാണ് കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കിയത്.

കൂടിക്കാഴ്ച നടത്തിയ ഈ കുടുംബങ്ങൾ താഴെപറയുന്ന 16 രാജ്യങ്ങളിൽനിന്നു വന്നവരായിരുന്നു. പാക്കിസ്താൻ, മസ്കറ്റ്, കനഡ,

(ശേഷം പേജ് 12ൽ)

## ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

# ആത്മസംസ്കരണത്തിന്റെ അനിവാര്യത

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)

വിവ:മുഹമ്മദു ഇസ്മായീൽ ആലപ്പുഴ

ജമാഅത്തിന്റെ നന്മയ്ക്കുവേണ്ടി 'തഖ്‌വാ'യെ സംബന്ധിച്ച പാഠങ്ങൾ ഉപദേശിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ഞാൻ മനസ്സിലാക്കുന്നു. എന്തൊക്കെയുണ്ടെങ്കിലും തഖ്‌വാ അഥവാ ഹൃദയഭക്തി ഇല്ലെങ്കിൽ അല്ലാഹു ഒട്ടും ഇഷ്ടപ്പെടുകയില്ലെന്ന് ധിഷണാശാലികൾക്ക് നല്ല വണ്ണം അറിയാം. അല്ലാഹു പറയുന്നു :

**ഇന്നല്ലാഹ മഅല്ലദീനത്തഖൗ വല്ലദീനഹും മുഹ്സിനൂൻ**

"ഭക്തിമാർഗം കൈക്കൊള്ളുന്നവരും (മുത്തഖീംകൾ) നന്മ പ്രവർത്തിക്കുന്നവരും ആരോ അവരോടൊപ്പമാണ് അല്ലാഹു" (16:129).

## ജമാഅത്തിന് തഖ്‌വ നിർബന്ധം

ജമാഅത്തിന് തഖ്‌വ സ്വായത്തമാക്കേണ്ട ആവശ്യമുണ്ട്. കാരണം അവർ അല്ലാഹു നിയോഗിച്ചു എന്ന വാദമുള്ള ഒരാളുമായി ബന്ധം സ്ഥാപിക്കുന്നവരും ആ വ്യക്തിയുടെ ജമാഅത്തിൽ ബയ്അത്ത് ചെയ്ത് പ്രവേശിച്ചിട്ടുള്ളവരുമാണ്. പലതരത്തിലുള്ള വെറുപ്പുകളിലും വിദ്വേഷങ്ങളിലും ബഹുദൈവാരാധനയിലും ലൗകികജടപാടിലും അകപ്പെട്ടുകഴിഞ്ഞിരുന്ന അവർക്ക് സർവ്വവിധമായ ആ വിപത്തുകളിൽനിന്ന് മോചിതരാകുവാൻ തഖ്‌വാ കൂടിയേതീരൂ. ഒരാളുടെ രോഗം ചെറുതാണെങ്കിലും വലുതാണെങ്കിലും ചികിത്സ നടത്താനുള്ള ബുദ്ധിമുട്ട് സഹിക്കുന്നില്ലെങ്കിൽ അത് സുഖപ്പെടുകയില്ലെന്ന കാര്യം നിങ്ങൾക്കറിയാം. മുഖത്ത് ചെറിയൊരു കറുത്ത കലയുണ്ടായാൽ അതു വലുതായി മുഖം വികൃതമാക്കിക്കളയുമോ എന്ന ആശങ്കയുണ്ടാക്കുന്നു. ഇപ്രകാരം പാപത്തിന്റെ ചെറിയ ഒരു കറുത്തകല ആദ്യം മനസ്സിലുണ്ടാകുന്നു. ഈ ചെറിയ പാപം തീപ്പൊരികൊണ്ട് വൻപാപമായി പരിണമിക്കുന്നു. അങ്ങനെ അത് മുഖം മുഴുവൻ വികൃതമാക്കിക്കളയുന്നു.

അല്ലാഹു കരുണാമയനും ഉദാരനുമാണ്. അപ്രകാരംതന്നെ സർവം അതിജയിക്കുന്നവനും (ഖഹ്ഹാർ) പ്രതികാരം ചെയ്യുന്നവനും (മുൻതഖിം) ആകുന്നു. പ്രവർത്തിക്കാതെ വാദങ്ങളിലും വാചകങ്ങളിലും മാത്രം ഒതുങ്ങുന്ന ഒരു ജമാഅത്തിനെ കാണുമ്പോൾ അവന്റെ അമർഷവും കോപവും വർധിക്കുന്നു. അത്തരം ജമാഅത്തിനെ ശിക്ഷിക്കാൻ അവിശ്വാസികളെ ചുമതലപ്പെടുത്തുന്നു. പല പ്രാവശ്യം മുസ്‌ലിംകൾ അവിശ്വാസികളുടെ കൈയാൽ നശിപ്പിക്കപ്പെട്ട സംഭവചരിത്രം വിവരമുള്ളവർക്കറിയാം. ചെങ്കീസ്ഖാനും ഹലാക്കുഖാനും മുസ്‌ലിംകളെ നശിപ്പിച്ചിരുന്നു. വാസ്തവത്തിൽ, മുസ്‌ലിംകളെ തുണക്കുമെന്നും സഹായിക്കുമെന്നും അല്ലാഹു വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. എന്നിട്ടും മുസ്‌ലിംകൾ പരാജയപ്പെട്ടു. ഇത്തരം സംഭവങ്ങൾ ചില ഘട്ടങ്ങളിലുണ്ടാകാറുണ്ട്. **ലാഇലാഹ ഇല്ലല്ലാഹ്–** ആരാധനയ്ക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ലെന്ന് നാവുകൊണ്ടു പറയുകയും ഹൃദയം മറ്റെവിടെയോ ആയിരിക്കുകയും കർമം കൊണ്ടു തികച്ചും ലൗകികജീവിതത്തിൽ മുഴുകുകയും ചെയ്യുമ്പോൾ അല്ലാഹുവിന്റെ കോപം അതിന്റേതായ നിറം കാണിക്കുന്നതാണ് ഇതിനു കാരണം.

## അല്ലാഹുവിനെ ഭയക്കുന്നതാരാണ്?

വാക്കും പ്രവൃത്തിയും എത്രത്തോളം യോജിക്കുന്നുണ്ടെന്ന് ഓരോരുത്തരും നോക്കേണ്ടതാണ്. അതിലാണ് ദൈവഭയം വേണ്ടത്. വാക്കും പ്രവൃത്തിയും സമമല്ലാത്തവൻ ദൈവകോപത്തിന് വിധേയനാണെന്ന് മനസ്സിലാക്കിക്കൊള്ളട്ടെ. വാക്കുകൾ എത്ര ശുദ്ധമാണെങ്കിലും ഹൃദയം ശുദ്ധമല്ലെങ്കിൽ അല്ലാഹുവിന്റെ പക്കൽ അതിന് ഒരു വിലയുമില്ല. മാത്രമല്ല അല്ലാഹുവിന്റെ കോപം ജ്വലിക്കുന്നതുമാണ്.

എന്റെ ജമാഅത്ത് എന്തിനു വേണ്ടിയാണ് എന്റെ അടുക്കൽ വന്നതെന്ന് മനസ്സിലാക്കട്ടെ. അവർ വന്നിട്ടുള്ളത് ഒരു വിത്ത് പാകാനാണ്; ഫലസമൃദ്ധമായ ഒരു വൃക്ഷമായിത്തീരാനാണ്. അപ്പോൾ ഓരോരുത്തരും അവരുടെ ആന്തരികവും ബാഹ്യവുമായ അവസ്ഥകൾ ഏതുതരത്തിലുള്ളതാണെന്ന് ചിന്തിക്കട്ടെ. നിർഭാഗ്യവശാൽ നമ്മുടെ ജമാഅത്തും അകത്തൊന്നും പുറത്ത് മറ്റൊന്നുമാണെങ്കിൽ അതിന്റെ പര്യവസാനം ശുഭമായിരിക്കുകയില്ല. വെറും വാദവും മനസ്സ് ശൂന്യവുമായ ജമാഅത്താണെന്ന് കണ്ടാൽ അല്ലാഹു അതിന് ഒരു വിലയും കല്പിക്കുകയില്ല. കാരണം അവൻ പരാശ്രയരഹിതനാണ്. ബദ്ർ യുദ്ധത്തിൽ മുസ്‌ലിംകൾ വിജയിക്കുമെന്നുള്ള പ്രവചനം പ്രഖ്യാപിക്കപ്പെട്ടു കഴിഞ്ഞിരുന്നു. എല്ലാ രീതിയിലും വിജയം ഉറപ്പും ആയിരുന്നു. എന്നിട്ടും നബി(സ) തിരുമേനി ഉള്ളുരുകി ദുആ ചെയ്തുകൊണ്ടിരുന്നു. വിജയിക്കുമെന്ന് എല്ലാരീതിയിലും അല്ലാഹു വാഗ്ദാനം ചെയ്തിട്ടും എന്തിനാണിങ്ങനെ കരഞ്ഞുകരഞ്ഞു ദുആ ചെയ്യുന്നതെന്ന് ഹദ്റത്ത് അബൂബക്കർ(റ) ചോദിച്ചു. നബി(സ) തിരുമേനി പറഞ്ഞു: "അല്ലാഹു പരാശ്രയരഹിതനാണ്. അവന്റെ വാഗ്ദാനങ്ങളിൽ എന്തെങ്കിലും നിബന്ധനകൾ മറഞ്ഞു കിടപ്പുണ്ടാകാം."

## മുത്തഖിയുടെ അടയാളങ്ങൾ

തഖ്‌വായിലും പരിശുദ്ധിയിലുമുള്ള നിങ്ങളുടെ പുരോഗതി എപ്പോഴും പരിശോധിച്ചുകൊണ്ടിരിക്കേണ്ടതാണ്. അതിനുള്ള മാനദണ്ഡമാണ് വിശുദ്ധഖുർആൻ. അത് മുത്തഖിയുടെ അടയാളങ്ങൾ വിവരിച്ചതിൽ ഒന്ന് മുത്തഖിയെ വെറുക്കപ്പെട്ട ലോകത്തുനിന്ന് സ്വതന്ത്രനാക്കി അവന്റെ പ്രവൃത്തികളുടെ ചുമതല അല്ലാഹുതന്നെ ഏറ്റെടുക്കുമെന്നാണ്. അല്ലാഹു പറയുന്നു:

**വമൻയ്യത്തഖില്ലാഹ യജ്അല്ലഹൂ മഖ്റജൻ വ്വയർസുഖ്ഹു മിൻ ഹയ്ഥു ലാ യഹ്തസിബ്**

ആരെങ്കിലും അല്ലാഹുവിനെ ഭയപ്പെടുന്നതായാൽ എല്ലാ വിപത്തുകളിൽനിന്നും രക്ഷപ്പെടാനുള്ള മാർഗം അല്ലാഹു അവനുണ്ടാക്കിക്കൊടുക്കുന്നതാണ്. അവനുദ്ദേശിക്കാത്ത ഭാഗങ്ങളിലൂടെ അല്ലാഹു അവന് ഉപജീവനം നല്കുകയും ചെയ്യും. (65:3,4) അതായത് അല്ലാഹു മുത്തഖിക്ക് നിഷിദ്ധമാർഗത്തിലൂടെ തന്റെ കാര്യങ്ങൾ നടത്താനിടയുണ്ടാക്കുകയില്ലെന്നതും മുത്തഖിയുടെ അടയാളമാണ്. ഉദാഹരണത്തിന്, കളവു പറയാതെ തന്റെ വ്യാപാരം മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയില്ലെന്ന് ഒരു കച്ചവടക്കാരൻ ധരിക്കുന്നു. അതുകൊണ്ട് അവൻ കളവിൽനിന്ന് പിന്മാറുന്നില്ല. തന്റെ നിർബന്ധിതാവസ്ഥ അയാൾ പറയുകയും ചെയ്യുന്നു. പക്ഷേ, അതൊരിക്കലും സത്യമായിരിക്കുകയില്ല. മുത്തഖിയുടെ സംരക്ഷകൻ അല്ലാഹു തന്നെയാണ്. അത്തരം ഘട്ടങ്ങൾ ഉണ്ടായാൽ അല്ലാഹു അതിൽനിന്ന് അവനെ രക്ഷിക്കുന്നു. സത്യവിരുദ്ധമായ കാര്യങ്ങളിൽ ശാഠ്യം പിടിക്കുന്നവൻ ഓർമിക്കേണ്ട ഒരു കാര്യമുണ്ട്. അല്ലാഹുവിനെ ഉപേക്ഷിക്കുന്നവനെ അല്ലാഹുവും ഉപേക്ഷിക്കുന്നു എന്നതാണത്. പരമകാരുണികനായ അല്ലാഹുവിനെ ഉപേക്ഷിക്കുന്നവനുമായി ശയ്ത്വാൻ തന്റെ ബന്ധം സ്ഥാപിക്കുമെന്നത് തീർച്ചയാണ്.

അല്ലാഹു ബലഹീനനാണെന്ന് മനസ്സിലാക്കരുത്. അവൻ സർവശക്തനാണ്. അവനിൽ ഒരു കാര്യം സമർപ്പണം ചെയ്താൽ അവൻ നിശ്ചയമായും നിങ്ങളെ സഹായിക്കുന്നതാണ്.

തന്റെ കാര്യങ്ങൾ അല്ലാഹുവിനെ ഭരമേല്പിക്കുന്നവനാരോ അവന് അല്ലാഹു മതിയായവനാണ്. **വമൻയ്യത്തവക്കൽ അലല്ലാഹി ഫ ഹുവ ഹസ്ബുഹൂ**(65:4) ദീനീകാര്യങ്ങളിൽ നിഷ്ഠയുള്ളവരായിരുന്നു ഈ വചനത്തിന്റെ ആദ്യ സംബോധിതർ. അവരുടെ ചിന്ത മുഴുവൻ മതപരമായ കാര്യങ്ങളിലായിരുന്നു. ഭൗതികകാര്യങ്ങളെല്ലാം അവർ അല്ലാഹുവിന് വിട്ടുകൊടുത്തു. അതുകൊണ്ട് ഞാൻ നിങ്ങളോടൊപ്പമുണ്ടെന്ന് പറഞ്ഞ് അല്ലാഹു അവരെ സമാധാനപ്പെടുത്തി. ചുരുക്കിപറഞ്ഞാൽ, അല്ലാഹു മുത്തഖിയായ മനുഷ്യനെ ബാഹ്യമായ എല്ലാ നാശങ്ങളിൽനിന്നും രക്ഷിക്കുന്നുവെന്നത് തഖ്‌വായുടെ അനുഗ്രഹങ്ങളിൽപ്പെട്ടതാണ്.

അല്ലാഹു മുത്തഖിയ്ക്ക് ഉപജീവനം നല്കുന്നു അപ്രകാരംതന്നെ മുത്തഖിയായ മനുഷ്യന് അല്ലാഹു പ്രത്യേകമായ നിലയിൽ ഉപജീവനം നല്കുന്നു. ഇവിടെ ഞാൻ മഅ്രിഫത്തിന്റെ–ദൈവജ്ഞാനത്തിന്റെ ഉപജീവനത്തെക്കുറിച്ച് പ്രതിപാദിക്കാം. നബി(സ)തിരുമേനിക്ക് എല്ലാ തരത്തിലുള്ള ആളുകളുടെയുംമേൽ വിജയം വരിക്കാൻ കഴിയുമാറ് ആധ്യാത്മിക ഭക്ഷണം അല്ലാഹു നല്കുകയുണ്ടായി. അവിടന്ന് നിരക്ഷരനായിരുന്നിട്ടും ഗ്രന്ഥാനുസാരികൾ, തത്ത്വചിന്തകന്മാർ, ഉന്നതപണ്ഡിതന്മാർ തുടങ്ങിയ മുഴുലോകവുമായും ഇടപെടേണ്ടതായി വന്നു. എല്ലാവരേയും അതിജയിക്കാനുള്ള ആധ്യാത്മികഭക്ഷണം നബി(സ)തിരുമേനിക്കു അല്ലാഹുവിൽനിന്ന് ലഭിച്ചു. മനുഷ്യർക്കു സംഭവിച്ച ഭീമമായ അബദ്ധങ്ങൾ അവർക്ക് ബോധ്യമാക്കിക്കൊടുക്കുകയും ചെയ്തു. അതുല്യമായ ആധ്യാത്മിക ഭക്ഷണമായിരുന്നു അത്. മറ്റൊരു സ്ഥലത്ത് മുത്തഖിയെക്കുറിച്ച് അല്ലാഹു പറയുന്നതിങ്ങനെയാണ്:

**ഇൻ ഔലിയാഉഹൂ ഇല്ലൽ മുത്തഖൂൻ**

മുത്തഖികളാണ് അല്ലാഹുവിന്റെ വലിയ്യുമാർ. അതായത് അല്ലാഹുവിന് പ്രിയപ്പെട്ടവർ.

അല്പം വിഷമം സഹിച്ച് ദൈവസാമീപ്യം കരസ്ഥമാക്കുക എന്നത് എത്ര വലിയ അനുഗ്രഹമാണ്. ഇന്നത്തെ ലോകത്തിന്റെ അധഃപതനാവസ്ഥ നോക്കു. ഒരു ഭരണാധികാരിയോ ഉയർന്ന ഉദ്യോഗസ്ഥനോ 'നിങ്ങൾ എന്റെ സുഹൃത്താണെന്ന്' ആരോടെങ്കിലും പറയുകയോ, ഇരിക്കാൻ കസേര നല്കുകയോ, ആദരിക്കുകയോ ചെയ്താൽ, ആ ആൾ ഉടനെ വലിയ പൊങ്ങച്ചം കാണിക്കാൻ തുടങ്ങുന്നു. അഭിമാനിക്കുന്നു. എന്നാൽ, തന്റെ പ്രിയപ്പെട്ടവനെന്നോ സുഹൃത്തെന്നോ അല്ലാഹു വിളിക്കുന്ന മനുഷ്യൻ എത്രമാത്രം സ്ഥാനമഹിമയുള്ളവനാണ്. അല്ലാഹുതആല നബി(സ) തിരുമേനിയുടെ നാ

വിലൂടെ ഇങ്ങനെ വാഗ്ദാനം ചെയ്തിരിക്കുന്നതായി ബുഖാരിയിൽ രേഖപ്പെടുത്തിയിട്ടുള്ള ഒരു ഹദീഥിൽ വന്നിരിക്കുന്നു.

*ലാ യസാലു യത്തഖർറബു അബ്ദീ ബിന്നവാഫിലി ഹത്താ ഉഹിബ്ബഹൂ ഫഇദാ അഹ്ബബ്ത്തുഹൂ കുൻതു സംഅഹുല്ലദീ യസ്മഉ ബിഹീ വ ബസ്വറഹുല്ലദീ യുബ്സിറു ബിഹീ വ യദഹുല്ലത്തീ യബ്ത്വിശുബിഹാ വ രിജ്‌ലഹുല്ലത്തീ യംശീ ബിഹാ വലഇൻ സഅലനീ ല അഅ്ത്വിയത്ത്ഹു വലഇൻ ഇസ്തആദനീ ലഉഈദന്നഹു*

എന്റെ ഇഷ്ടദാസൻ നഫ്‌ലുകൾ-ഐച്ഛിക കർമ്മങ്ങൾ മുഖേന എന്നോടു എത്രമാത്രം അടുക്കുന്നുവെന്നാൽ, ഞാൻ അവൻ കേൾക്കുന്ന ചെവിയും അവൻ കാണുന്ന കണ്ണും അവൻ പിടിക്കുന്ന കയ്യും അവൻ നടക്കുന്ന കാലുമായി മാറുന്നു. അവനെന്തെങ്കിലും എന്നോടു ചോദിച്ചാൽ നിശ്ചയമായും ഞാൻ അവന് അത് കൊടുക്കുന്നു. അവൻ എന്നോട് അഭയം തേടിയാൽ ഞാൻ അവന് അഭയം കൊടുക്കുന്നു.

### നന്മകൾക്ക് രണ്ടുഭാഗം

മനുഷ്യൻ ചെയ്യുന്ന നന്മകൾക്കെല്ലാം രണ്ടുഭാഗമുണ്ട്. ഒന്ന് നിർബന്ധം: അതായത് മനുഷ്യന് ചെയ്യേണ്ടത് നിർബന്ധമായിട്ടുള്ള കാര്യങ്ങൾ. കടം വീട്ടുക, നന്മയ്ക്കു പകരം നന്മ ചെയ്യുക തുടങ്ങിയവ. ഈ നിർബന്ധ കാര്യങ്ങൾക്കു പുറമെ ഓരോ നന്മയുടേയും കൂടെ ഐച്ഛിക കർമ്മങ്ങളുമുണ്ട്. അതായത് നന്മയ്ക്കുപകരം അതിനേക്കാൾ ഉത്തമമായ നന്മ ചെയ്യുക. ഉപകാരത്തിനു പകരം ഉപകാരം ചെയ്യുന്നതു കൂടാതെ വീണ്ടും ഉപകാരം ചെയ്യൽ. ഇതാണ് നഫ്ൽ -ഐച്ഛിക കർമ്മം. നിർബന്ധ കാര്യങ്ങളിൽ വിട്ടുപോയതിന്റെ പൂർത്തീകരണമെന്ന നിലയ്ക്കാണിത്. ഈ നബിവചനത്തിൽ പറഞ്ഞിരിക്കുന്നത്, അല്ലാഹുവിന് പ്രിയപ്പെട്ടവരുടെ മതപരമായ നിർബന്ധകർമങ്ങളുടെ പൂർത്തീകരണം ഐച്ഛികകർമങ്ങളിലൂടെ നിവർത്തിയാകുന്നു എന്നാണ്. ഉദാഹരണം സക്കാത്തിനു പുറമെ മറ്റു ദാനധർമങ്ങളും ചെയ്യുക. അല്ലാഹു അത്തരക്കാരുടെ വലിയ്യ് ആയിത്തീരുന്നു. ഞാനവരുടെ കൈയും കാലും അവർ സംസാരിക്കുന്ന നാവുമായിത്തീരുമെന്ന് അല്ലാഹു സുവാർത്ത അറിയിക്കുന്നു.

### കർമങ്ങൾ ദൈവേച്ഛയ്ക്ക് വിധേയമാവണം

മനുഷ്യൻ വിഷയേച്ഛകളിൽനിന്ന് പരിശുദ്ധനായി സ്വാർഥത കൈവെടിഞ്ഞ് ദൈവേച്ഛയുടെ തണലിലൂടെ സഞ്ചരിക്കാൻ തുടങ്ങുമ്പോൾ അവന്റെ കർമങ്ങളൊന്നും പാഴാവുകയില്ല. അവന്റെ എല്ലാ കർമവും ദൈവേച്ഛയ്ക്ക് വിധേയമായിരിക്കുകയും ചെയ്യും. ദൈവേച്ഛയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുമ്പോഴാണ് മനുഷ്യൻ എപ്പോഴും പരീക്ഷണങ്ങളിൽ അകപ്പെടുന്നത്. ദൈവതൃപ്തിക്ക് വിരുദ്ധമായിരിക്കും അത്തരക്കാരുടെ കർമങ്ങൾ. അത്തരം വ്യക്തികൾ തങ്ങളുടെ വികാരാവേശങ്ങൾക്ക് വിധേയരായി നടക്കുന്നു. ഉദാഹരണം, കോപാന്ധനായിക്കൊണ്ട് എന്തെങ്കിലും പ്രവൃത്തി അവനിൽനിന്നുണ്ടാകുന്നതിന്റെ ഫലമായി കേസും വഴക്കും, അടിപിടിയും ഉണ്ടാകുന്നു. എന്നാൽ, അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്ന് പരിഹാരം കിട്ടാതെ സമാധാനം ലഭിക്കുകയില്ലെന്ന് കരുതുന്നവൻ എല്ലാ കാര്യത്തിലും അല്ലാഹുവിന്റെ ഗ്രന്ഥത്തിലേക്കുതന്നെ മടങ്ങുന്നതാണ്. അത്തരം ഘട്ടങ്ങളിൽ അല്ലാഹുവിന്റെ ഗ്രന്ഥം അവന് പരിഹാരം നൽകുമെന്ന കാര്യം ഉറപ്പാണ്. അല്ലാഹു പറയുന്നു:

**വലാ റത്ബിൻ വലാ യാബിസിൻ ഇല്ലാ ഫീ കിതാബിൻ മ്മുബീൻ**

പച്ചയോ ഉണങ്ങിയതോ ആയ ഒരു വസ്തുവും സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്താതെയില്ല. (6:60)

അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്ന് നാം പരിഹാരം തേടുകതന്നെ ചെയ്യുമെന്ന് തീരുമാനിച്ചാൽ നിശ്ചയമായും നമുക്ക് പരിഹാരം ലഭിക്കും. എന്നാൽ, വിഷയേച്ഛകൾക്ക് വശംവദനായവൻ നഷ്ടത്തിലാകുകതന്നെ ചെയ്യും. ചിലപ്പോൾ അവൻ ഇവിടെത്തന്നെ പിടിക്കപ്പെടും. അതുകൊണ്ട് അല്ലാഹു പറയുന്നു: എന്നോട് സംസാരിക്കുകയും എന്നോടൊപ്പം നടക്കുകയും ചെയ്യുന്ന വലിയ്യ്-അവൻ അതിൽ ലയിച്ചിരിക്കുകയാണ്. ലയനത്തിൽ എത്രകണ്ട് കുറവു വരുന്നുവോ അത്രകണ്ട് അവൻ അല്ലാഹുവിൽനിന്നകലെയാണ്. എന്നാൽ, അല്ലാഹു പറഞ്ഞതു പ്രകാരമുള്ള ലയനമാണെങ്കിൽ പിന്നെ അവന്റെ ഈമാന് അളവില്ല. അവനെ പിന്തുണച്ചുകൊണ്ട് അല്ലാഹു പറയുന്നു:

**മൻ ആദലീ വലിയ്യൻഫഖദ് ആദൻതുഹൂ ബിൽഹർബി**

എന്റെ വലിയ്യോടുപോരാടുന്നവൻ എനിക്കെതിരെ പോരാടുന്നവനാണ്. മുത്തഖിയുടെ സ്ഥാനം എത്രമാത്രം ഉന്നതമാണെന്ന് ഇനി നിങ്ങൾ നോക്കുക. അവന്റെ സാമീപ്യം അല്ലാഹുവിന്റെ തിരുസന്നിധിയിൽ എന്താണെന്നുവെച്ചാൽ, അവനെ ബുദ്ധിമുട്ടിക്കുകയെന്നാൽ അത് അല്ലാഹുവിനെ ബുദ്ധിമുട്ടിക്കലായിത്തീരുന്നു. ആ സ്ഥിതിയിൽ അല്ലാഹു അവന്റെ എത്ര വലിയ സഹായിയായിരിക്കും?

### മുത്തഖിയുടെ അടുത്ത് വരുന്നവരും സുരക്ഷിതർ

ആളുകൾ നിരവധി വിപത്തുകളിൽ അകപ്പെടുന്നു. പക്ഷേ, മുത്തഖി രക്ഷിക്കപ്പെടുന്നു. എന്നുമാത്രമല്ല അവരുടെ അടുത്ത് വരുന്നവരും രക്ഷിക്കപ്പെടുന്നു. വിപത്തുകൾക്ക് ഒരു അതിരുമില്ല. മനുഷ്യന്റെ ഉള്ളിൽ നിറഞ്ഞിരിക്കുന്ന വിപത്തുകൾക്കുതന്നെ കണക്കില്ല. രോഗങ്ങൾ നോക്കുക. അതുമാത്രം ആയിരക്കണക്കിന് വിപത്തുകളുണ്ടാക്കാൻ മതിയായതാണ്. എന്നാൽ, തഖ്‌വായുടെ കോട്ടയ്ക്കകത്തുള്ളവർ അതിൽനിന്ന് സുരക്ഷിതരാണ്; അതിനു വെളിയിലുള്ളവർ വന്യമൃഗങ്ങൾ നിറഞ്ഞ ഘോരവനത്തിലും.

### സുവിശേഷം സ്വപ്നം മുഖേന

മുത്തഖിയോട് അല്ലാഹുവിന്റെ മറ്റൊരു വാഗ്ദാനം കൂടിയുണ്ട്:

**ലഹുമുൽ ബുശ്‌റാ ഫിൽ ഹയാത്തിൻദ്ദുൻയാ വഫിൽ ആഖിറത്തി**

മുത്തഖിയായവർക്ക് ഈ ലോകത്ത് നല്ല നല്ല സ്വപ്നങ്ങൾ മുഖേന സുവാർത്തകൾ ലഭിക്കുന്നു. അതിനെക്കാളുപരി അവൻ പരോക്ഷ ദർശനങ്ങളുണ്ടാകുന്നവനായിത്തീരുന്നു. അല്ലാഹുവുമായിട്ട് സംസാരിക്കാനുള്ള സൗഭാഗ്യം ലഭിക്കുന്നു. അവൻ മനുഷ്യത്വത്തിന്റെ വസ്ത്രത്തിൽത്തന്നെ മലക്കുകളെ കാണുന്നു. അല്ലാഹു പറഞ്ഞിരിക്കുന്നു:

**ഇന്നല്ലദീന ഖാലൂ റബ്ബുനല്ലാഹു ഥുമ്മസ്തഖാമൂ തത്തനസ്സലു അലയ്ഹിമുൽ മലാഇക്കത്തു**

ആരാണോ അല്ലാഹു നമ്മുടെ രക്ഷിതാവാണെന്ന് പറയുകയും സ്ഥിരചിത്തത കാണിക്കുകയും ചെയ്യുന്നത് അതായത് പരീക്ഷണഘട്ടത്തിൽ അത്തരക്കാരൻ നാവ് കൊണ്ടു പറയുക മാത്രമല്ല ചെയ്തു കാണിക്കുകയും ചെയ്യുന്നു-അവന്റെമേൽ അല്ലാഹുവിന്റെ മലക്കുകൾ ഇറങ്ങുന്നു.

### പരീക്ഷണം അനിവാര്യം

**അഹസിബന്നാസു അൻയ്യുത്റകൂ അൻ യ്യഖൂലൂ ആമന്നാ വഹും ലാ യുഫ്ത്തനൂൻ**

എന്ന വചനത്തിൽ പറയുന്നതുപോലെ പരീക്ഷണം ഉണ്ടാകേണ്ടത് അനിവാര്യമാണ്. അല്ലാഹു പറയുന്നു: അല്ലാഹു നമ്മുടെ രക്ഷിതാവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരിൽ മലക്കുകൾ ഇറങ്ങുന്നു. മരണവായുവിന്റെ സമയത്താണ് മലക്കുകൾ ഇറങ്ങുന്നതെന്ന ഖുർആൻ വ്യാഖ്യാതാക്കളുടെ വ്യാഖ്യാനം ശരിയല്ല. ഇപ്പറഞ്ഞതിന്റെ ഉദ്ദേശ്യം ആത്മസംസ്കരണം നടത്തുന്നവരും, മാലിന്യങ്ങളിൽനിന്നും അഴുക്കുകളിൽനിന്നും തങ്ങളുടെ ആത്മാവിനെ അകറ്റിനിറുത്തുന്നവരുമായവരിൽ ഇൽഹാം-ദിവ്യബോധനം ഇറങ്ങുന്നതിനുള്ള അനുയോജ്യാവസ്ഥ സംജാതമാകും എന്നാണ്. അങ്ങനെ അവർക്ക് ഇൽഹാം ഇറങ്ങാൻ തുടങ്ങുന്നു. മറ്റൊരു സ്ഥലത്ത് മുത്തഖിയുടെ സ്ഥാനം വിവരിച്ചുകൊണ്ടു പറഞ്ഞു:

**അലാ ഇന്ന ഔലിയാഅല്ലാഹു ലാ ഖൗഫുൻ അലയ്ഹിം വ ലാഹും യഹ്സനൂൻ**

അല്ലാഹുവിന്റെ വലിയ്യുകൾക്ക് ഒരുവിധ ദുഃഖവുമില്ല. അല്ലാഹു ചുമതല ഏറ്റെടുത്തിട്ടുള്ളവന് ഒരു വിഷമവുമില്ല. അല്ലാഹു ഒരാളുടെ വലിയ്യ് ആയിക്കഴിഞ്ഞാൽ അവനെ പീഢിപ്പിക്കാൻ ആർക്കും സാധ്യവുമല്ല. വീണ്ടും പറഞ്ഞു: **വ അബ്ശിറൂ ബിൽജന്നത്തില്ലത്തീ കുൻതും തൂഅദൂൻ** നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗം ലഭിച്ചതിൽ നിങ്ങൾ സന്തുഷ്ടരാകുക. (41:31)

### രണ്ടു സ്വർഗം

മനുഷ്യർക്ക് രണ്ട് സ്വർഗമുണ്ടെന്ന് വിശുദ്ധ ഖുർആനിൽനിന്ന് വ്യക്തമാകുന്നു. അല്ലാഹുവിനെ സ്നേഹിക്കുന്ന വ്യക്തി എങ്ങനെ ദുരിതത്തിലാകാനാണ്? ഒരു ഭരണാധികാരിയുടെ സുഹൃത്തിന് അയാളോടുള്ള ബന്ധം കാരണത്താൽ സ്വർഗീയമായ ഒരു ജീവിതം ലബ്ധമാകുമ്പോൾ അല്ലാഹുവിന്റെ സുഹൃത്തിന് എന്തുകൊണ്ട് സ്വർഗകവാടം തുറക്കപ്പെടുകയില്ല? ലോകം കെടുതികളും ദുരിതങ്ങളും നിറഞ്ഞതാണെന്നത് ശരിതന്നെ. പക്ഷേ, ദൈവത്തിന്റെ


**കലാമുൽ ഇമാം:-**

"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."
(മൽഫൂദാത്ത്, വാല്യം 5, പേജ് 121)

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

**കലാമുൽ ഇമാം:-**

"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).

**ത്വാലിബെ ദുആ:**
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

ഇഷ്ടദാസന്മാർ ഇവിടെ ആസ്വദിക്കുന്ന സുഖം ആരെങ്കിലും അറിയുന്നുണ്ടോ? അവർ അനുഭവിക്കുന്ന ദുഃഖം അരമണിക്കൂർപോലും സഹിക്കാൻ മറ്റുള്ളവർക്ക് പ്രയാസമാണ്. എന്നാൽ, അല്ലാഹുവിന്റെ സുഹൃത്ത് ജീവിതം മുഴുവൻ ദുഃഖം സഹിക്കുന്നു. ഒരു കാലഘട്ടത്തെ ഭരണമോ അധികാരമോ കൊടുത്ത് അവരെ അവരുടെ പ്രവൃത്തിയിൽനിന്ന് തടയാമെന്ന് വിചാരിച്ചാൽ അതെവിടെ നടക്കാനാണ്? കെടുതികളുടേയും ദുരിതങ്ങളുടേയും മലതന്നെ വന്നുവീണാലും അവർ അവരുടെ ഉത്തരവാദിത്വം ഉപേക്ഷിക്കുകയില്ല.

## നബി(സ)തിരുമേനിയുടെ ധാർമികത

നമ്മുടെ നബി(സ)തിരുമേനിക്ക് ഈ രണ്ടു കാര്യങ്ങളും അനുഭവിക്കേണ്ടിവന്നു. ഒരിക്കൽ ത്വായിഫിൽനിന്ന് കല്ലേറ് കിട്ടി. ഒരു സംഘമാളുകൾ ആ പുണ്യാത്മാവിനെ കഠിനമായി ദ്രോഹിച്ചു. പക്ഷേ, നബി(സ)തിരുമേനിയുടെ വിശ്വാസ സ്ഥൈര്യത്തിന് ഒരു ഇളക്കവും സംഭവിച്ചില്ല. ദ്രോഹപ്രവർത്തനങ്ങൾകൊണ്ട് നബി(സ)തിരുമേനിയിൽ ഒരു മാറ്റവും ഉണ്ടാകുന്നില്ലെന്ന് കണ്ടപ്പോൾ രാജപദവി നല്കാമെന്ന് പറഞ്ഞ് അവർ പ്രലോഭിപ്പിക്കാൻ തുടങ്ങി. തങ്ങളുടെ നേതാവാക്കാമെന്നും എല്ലാവിധ സുഖാഢംബരങ്ങളോടുംകൂടി വാഴിക്കാമെന്നും അവർ വാഗ്ദാനം ചെയ്തു. ഏറ്റവും സൗന്ദര്യവതിയായ സ്ത്രീയെ വിവാഹം ചെയ്തുകൊടുക്കാമെന്നുവരെ അവർ പറഞ്ഞു. ഇതെല്ലാം ഒരേയൊരു കാര്യത്തിനു വേണ്ടി മാത്രമായിരുന്നു. അതായത് അവരുടെ ബിംബങ്ങൾക്കെതിരെ ഒന്നും പറയരുത്!

പക്ഷേ, ത്വായിഫിലെ പീഢനാവസ്ഥയിലുണ്ടായ അതേ ആനന്ദാനുഭൂതി തന്നെയായിരുന്നു നബി(സ) തിരുമേനിക്ക് ഈ പ്രലോഭനങ്ങളുടെ അവസരങ്ങളിലും അനുഭവപ്പെട്ടത്. അതായത്, ഒന്നും നബി(സ)അശേഷം വിലവെച്ചില്ല. ഏറ്റുകൊള്ളാൻ ആ പുണ്യാത്മാവ് തയ്യാറായി. പ്രത്യേകമായ ഒരു നിർവൃതി അതിൽ അനുഭവിച്ചില്ലായിരുന്നെങ്കിൽ, സർവദുഃഖങ്ങളും സഹിച്ച് ദുരിതത്തിൽത്തന്നെ കഴിയേണ്ട കാര്യമെന്തായിരുന്നു?

ഈയൊരു അവസ്ഥാവിശേഷം നമ്മുടെ നബി(സ) തിരുമേനിക്കല്ലാതെ മറ്റാർക്കും ലഭിച്ചിരുന്നില്ല. ഒരു നബിയോടും നുബുവ്വത്ത് ഉപേക്ഷിക്കാൻവേണ്ടി പ്രലോഭനങ്ങളുടെ വാഗ്ദാനം ഉണ്ടായിട്ടില്ല. ഈസാ മസീഹിനും ഈ അവസ്ഥ ഉണ്ടായിട്ടില്ല. ലോകചരിത്രത്തിൽ നബി(സ)തിരുമേനിയോടു മാത്രമേ പ്രവാചകത്വത്തിൽനിന്ന് പിന്മാറിയാൽ ഭരണം നല്കാമെന്ന് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളൂ. ഈ കീർത്തി നബി(സ) തിരുമേനിക്ക് മാത്രമുള്ളതാണ്. ധാർമികതയുടെ പരിപൂർണമാതൃക കാണിക്കാൻ വേണ്ടി നബി(സ) തിരുമേനിക്ക് ദുഃഖത്തിന്റേയും വിജയത്തിന്റേയും രണ്ടു കാലഘട്ടവും ലഭിച്ചു.

മുത്തഖിയായ ആളുകൾ ഈ രണ്ടുഘട്ടങ്ങളിലേയും ആത്മീയനിർവൃതി അനുഭവിച്ചറിയണമെന്ന് അല്ലാഹു ആഗ്രഹിച്ചു. ചിലപ്പോൾ സ്വസ്ഥതയുടേയും പരിശുദ്ധിയുടേയും നിറത്തിലുണ്ടാകുന്ന നിർവൃതി. ചിലപ്പോൾ പ്രയാസങ്ങളിൽനിന്നും വിപത്തുകളിൽനിന്നും ഉണ്ടാകുന്ന നിർവൃതി. ഇങ്ങനെ സംഭവിക്കുന്നത് ആ രണ്ടു ഘട്ടങ്ങളിലും അവരിലുള്ള ധാർമിക ഗുണങ്ങളുടെ മാതൃക വെളിച്ചത്തുവരാനാണ്. അതായത് ചില ധാർമികഗുണങ്ങൾ പ്രതാപാവസരത്തിലും ചിലത് വിപത്കാലത്തും വെളിപ്പെടുന്നു. നമ്മുടെ നബി(സ) തിരുമേനിക്ക് ഈ രണ്ട് അവസ്ഥയും ലഭിച്ചു. നബി(സ) തിരുമേനിയുടെ സമ്പൂർണമായ ധാർമികഗുണങ്ങൾ നമുക്ക് സമർപ്പിക്കാൻ സാധിക്കുന്നതുപോലെ മറ്റൊരു ജനതയ്ക്കും സമർപിക്കാൻ സാധ്യമല്ല. ഈസാ മസീഹിൽനിന്ന് ക്ഷമ എന്ന ധാർമിക ഗുണം മാത്രമേ പ്രകടമാകുന്നുള്ളു. അദ്ദേഹം പീഢനം സഹിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന് പ്രതാപത്തിന്റെ കാലം ലഭിച്ചിരുന്നില്ല. അദ്ദേഹം സത്യവാനായ നബിയായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ എല്ലാ ധാർമികഗുണങ്ങളും ലോകം കണ്ടില്ല. അദ്ദേഹത്തെകുറിച്ച് ഖുർആൻ വിവരിച്ചു. അതുകൊണ്ട് നാം അദ്ദേഹത്തെ നബിയായി വിശ്വസിക്കുന്നു. ദൃഢചിത്തരായ നബിമാർക്കുണ്ടായിരിക്കേണ്ട ധാർമികഗുണങ്ങളൊന്നും അദ്ദേഹത്തിലുള്ളതായി ഇഞ്ചീലിൽനിന്ന് സ്ഥാപിക്കാൻ സാധ്യമല്ല. ഇപ്രകാരം നമ്മുടെ നബി(സ) തിരുമേനിയും ആദ്യകാല 13 വർഷത്തെ പീഢനങ്ങളിൽ മരണപ്പെട്ടിരുന്നുവെങ്കിൽ ഉന്നതമായ പലധാർമിക ഗുണങ്ങളും ലോകം കാണുമായിരുന്നില്ല.

വിജയത്തിന്റേയും പ്രതാപത്തിന്റേയും കാലം വന്നപ്പോൾ കുറ്റവാളികൾ നബി(സ)തിരുമേനിയുടെ തിരുസന്നിധിയിൽ ഹാജരാക്കപ്പെട്ടു. അങ്ങനെ നബി(സ) തിരുമേനിയിൽ കുടികൊണ്ടിരിന്ന കരുണയുടേയും ക്ഷമയുടേയും ഉദാത്തവും പൂർണവുമായ തെളിവ് ലോകത്തിന് ലഭിച്ചു. നബി(സ) തിരുമേനിയുടെ പ്രവർത്തനങ്ങൾ ബലാൽക്കാരപൂർവമായിരുന്നില്ലെന്നും അതോടെ തെളിഞ്ഞു. ഇതുപോലെ മറ്റു പല ധാർമികഗുണങ്ങളും വെളിപ്പെട്ടുകൊണ്ടിരുന്നു. അല്ലാഹു പറഞ്ഞു:

**നഹ്നു ഔലിയാഉക്കും ഫിൽഹയാത്തിദ്ദുൻയാ വഫിൽ ആഖിറത്തി**

ഐഹികജീവിതത്തിലും പരലോകത്തും ഞങ്ങൾ (മലക്കുകൾ) നിങ്ങളുടെ മിത്രങ്ങളാണ്.

ഈ ജീവിതത്തിൽ മലക്കുകളുടെ ഇറക്കത്തെ നിഷേധിക്കുന്നവർക്കുള്ള മറുപടി കൂടിയാണിത്. മരണവായുവിന്റെ സമയത്തു മാത്രമേ മലക്കുകൾ ഇറങ്ങുകയുള്ളൂ എങ്കിൽ, **'ഫിൽ ഹയാത്തിദ്ദുൻയാ'** ഐഹികജീവിതത്തിലും അല്ലാഹു എങ്ങനെ വലിയ്യ് ആയി. (മൽഫൂദാത്ത് വാള്യം 1. പേ. 10–18)

( പേജ് 2ൽനിന്ന്)

ക്കുകയും അവനോടു ചോദിക്കുകയും ചെയ്യുക. ഇക്കാര്യമില്ലാത്ത ദീൻ എന്തൊരു ദീനാണ്. മനുഷ്യൻ എപ്പോഴും ആശ്രിതനാണ്. അവനോട് അവന്റെ തൃപ്തിയുടെ വഴികൾ ചോദിച്ചുകൊണ്ടിരിക്കുക. അവന്റെ കൃപ ചോദിച്ചുകൊണ്ടിരിക്കുക. അല്ലുഹാവിനോടുള്ള സ്നേഹവും അവനോടുള്ള ഭയവും അവന്റെ സ്മരണയിൽ മനസ്സോടെ ഇരിക്കുകയും ചെയ്യുന്നതിന്റെ പേരാണ് നമസ്കാരം; ഇതുതന്നെയാണ് ദീൻ!' (മൽഫൂദാത്ത്, വാള്യം 5, പേജ് 253–254)

'ഘട്ടംഘട്ടമായാണ് അല്ലാഹുവിനോളമെത്തുന്നത്. ഇതിൽ മാനുഷികമായ അധ്വാനത്തിന്റേയും പരിശ്രമത്തിന്റേയും തീവ്രയത്നത്തിന്റേയും ആവശ്യമുണ്ട്. ഇപ്രകാരംതന്നെ ലക്ഷ്യസ്ഥാനംവരെ എത്തുന്നതിന് അതായത് ദൈവ സാമീപ്യം കരസ്ഥമാക്കുന്നതിന് നമസ്കാരം ഒരു വാഹനമാണ്. ഇതിൽ യാത്ര ചെയ്ത് അവന് പെട്ടെന്ന് അല്ലാഹുവിനെ പ്രാപിക്കാൻ കഴിയും. നമസ്കാരം ഉപേക്ഷിച്ചവന് എങ്ങനെയാണ് അല്ലാഹുവിനെ പ്രാപിക്കാൻ കഴിയുക.' (മൽഫൂദാത്ത്, വാള്യം 5, പേജ് 255)

മറ്റൊരു സ്ഥലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നമസ്കാരത്തെക്കാളുപരി മറ്റൊരു ജപവുമില്ല. കാരണം അതിൽ ദൈവ സ്തുതിയുണ്ട്. ഇസ്തിഗ്ഫാറുണ്ട് സ്വലാത്തുണ്ട്. നിത്യേനയുള്ള എല്ലാ ജപങ്ങളുടേയും നിത്യസ്തോത്രങ്ങളുടേയും സമുച്ചയമാണ് ഈ നമസ്കാരം. ഇതുമുഖേന എല്ലാത്തരം വിഷമങ്ങളും ദുഃഖങ്ങളും അകലുന്നു. ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടുന്നു. നമസ്കാരം നല്ലവണ്ണം അലങ്കരിച്ചും നല്ലവണ്ണം മനസ്സിലാക്കിയും നിർവഹിക്കുക. സുന്നത്താക്കപ്പെട്ട പ്രാർഥനകൾക്കുശേഷം നിങ്ങൾ നിങ്ങളുടെ മാതൃഭാഷയിലും ദുആകൾ ചെയ്യുക. അതുമുഖേന നിങ്ങൾക്ക് മനഃശാന്തി കരസ്ഥമാകുന്നതായിരിക്കും. എല്ലാ പ്രയാസങ്ങളും അല്ലാഹു ഉദ്ദേശിച്ചാൽ പരിഹരിക്കപ്പെടുന്നതായിരിക്കും. ദൈവ സ്മരണയ്ക്കുള്ള മാർഗമാണ് നമസ്കാരം. അതുകൊണ്ടാണ് പറഞ്ഞത് അഖിമിസ്സലാത്തലി ദിക്രീ എന്നെ സ്മരിക്കുന്നതിനുവേണ്ടി നമസ്കാരം നിലനിറുത്തുക.' (ത്വാഹ 15)

## നമസ്കാരത്തിന്റെ തത്വം

യഥാർഥ ആരാധന മനസ്സിന്റെ അവസ്ഥയും അതിനു വിധേയമായുള്ള മാനുഷികമായ കർമങ്ങളുടെ ആവിർഭവിക്കലിന്റെ പേരുമാണ്. കാരണം മനുഷ്യന്റെ നിർമാണഘടന എത്തരത്തിലുള്ളതാണെന്നാൽ ശരീരത്തിന്റെ സ്വാധീനം ആത്മാവിലും ആത്മാവിന്റെ സ്വാധീനം ശരീരത്തിലും പതിയുന്നു. ഉദാഹരണത്തിന് ആരാണാ ദുഃഖാവസ്ഥ ഉണ്ടാക്കുകയോ ദുഃഖിതരുടെ കൂടെ ഇരിക്കുകയോ ചെയ്യുന്നത് അല്പനേരം കഴിഞ്ഞ് അവന്റെ മനസ്സും ദുഃഖത്താൽ നിറയുന്നു. അതുപോലെ അവൻ വെറുതെ ചിരിക്കാൻ ശ്രമിക്കുകയോ സന്തോഷവാന്മാരിൽ ഇരിക്കുകയോ ചെയ്യുകയാണെങ്കിൽ കുറച്ചു കഴിഞ്ഞാൽ അവരുടെ മനസ്സിലും സന്തോഷത്തിന്റെ വികാരങ്ങൾ പൊന്തിവരാൻ തുടങ്ങുന്നു. ഇതിനു വിപരീതമായി മനുഷ്യന്റെ മനസ്സിൽ വിഷമമോ ദുഃഖമോ ഉണ്ടായാൽ ശരീരം നിർജീവമായിത്തീരുന്നു. കണ്ണുകളിൽ കണ്ണീരുണ്ടാകുന്നു. മുടി പെട്ടെന്ന് നരയ്ക്കുന്നു. എന്നാൽ, അതിനു വിപരീതമായി സന്തോഷം കൊണ്ട് മുഖം തുടിക്കുകയും അവനിൽ ഉന്മേഷത്തിന്റെ ലക്ഷണങ്ങൾ പ്രകടമാകുകയും ചെയ്യുന്നു. ശരീരത്തിൽ ഒരു ആർദ്രതയും ഉന്മേഷവും ഉണ്ടാകാൻ തുടങ്ങുന്നു. അതിനാൽ മനുഷ്യന്റെ ഈ സ്വാഭാവികമായ അവസ്ഥയും അവന്റെ ഈ സ്വാഭാവികമായ നിയമവുമനുസരിച്ച് ഇസ്ലാം നമസ്കാരത്തിൽ കുറച്ച് കർമങ്ങളും വാക്യങ്ങളും ചേർത്തിരിക്കുന്നു; അദബ് പ്രകടമാകുന്ന ആ ബാഹ്യമായ അവസ്ഥകൾ അവന്റെ ഉള്ളിലും ഇതേ വികാരങ്ങൾ ഉണ്ടാക്കുന്നതിനും അതിനെതിരിൽ ആത്മാവിന്റെ വണക്കവും വിനയവും ആ മര്യാദ ഉണ്ടാക്കുന്നതിന് നിമിത്തമാകുന്നതിനുംവേണ്ടി.'

അതിനാൽ നമസ്കാരത്തിന്റെ ബാഹ്യമായ കർമങ്ങളും, വാക്യങ്ങളും, പ്രത്യേക സമയങ്ങളുടെ നിർണയവും, ഖിബ്‌ലയ്ക്കുനേരെ നില്ക്കുകയും കൈകെട്ടി നില്ക്കുകയും റുകൂഉം സുജൂദും ചെയ്യലും കേവലം മാനസികമായ അവസ്ഥയെ മാറ്റുന്നതിന് നിശ്ചയിച്ചിട്ടുള്ളതാണ്. മാനസികമായ അവസ്ഥകളുടെ ഫലം തന്നെയാണതെന്നും പറയാവുന്നതാണ്.

നമസ്കാരം ഏതെങ്കിലും കരം അല്ലെന്ന കാര്യം ഓർക്കുക. പ്രത്യുത നമസ്കാരം നിശ്ചയിക്കപ്പെട്ടിട്ടുള്ളത് മനുഷ്യരെ എല്ലാ തരത്തിലുള്ള നഷ്ടത്തിൽനിന്നും രക്ഷിക്കുന്നതിനും തിന്മകളിൽനിന്ന് തടയുന്നതിനുമാണ്. ഇസ്ലാം ഈ വീക്ഷണമാണ് അവതരിപ്പിക്കുന്നത്; ഏ മനുഷ്യാ! നീ നമസ്കരിക്കുക. 10, 15 മിനിറ്റ് നേരം നീ ഇരിക്കുകയും നില്ക്കുകയും ചെയ്യുന്നതിന് നിന്റെ ദൈവം ആഗ്രഹിക്കുന്നതുകൊണ്ടല്ല മറിച്ച്, ഇത് നിങ്ങളുടെ പരിഷ്കരണത്തിന് നിമിത്തവും തിന്മകളെ വിപാടനം ചെയ്യുന്ന കാര്യവും ആയതുകൊണ്ടാണ്.

(തുടരും)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 19 July 2018 Issue-29

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

# സ്വർഗനരകങ്ങളുടെ യാഥാർഥ്യം
# ഇഹലോകത്ത് മനുഷ്യർ ശിക്ഷിക്കപ്പെടുമോ?

**ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)**
**വിവ: മുഹമ്മദു ഇസ്മായീൽ ആലപ്പുഴ**

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

റൂസിഖ്നാ മിൻഖബ്‌ലു എന്നു പറഞ്ഞത് ലോകത്തുള്ള ഭൗതികാനുഗ്രഹങ്ങളാണെന്ന് കരുതുന്നത് തികച്ചും തെറ്റാണ്. സൽക്കർമങ്ങൾ ചെയ്തിട്ടുള്ള സത്യവിശ്വാസികൾ, തങ്ങളുടെ കൈകൾകൊണ്ട് ഒരു സ്വർഗം പണിതു. അതിന്റെ പഴം അവർ പരലോകത്തും തിന്നുന്നതാണ്. പ്രസ്തുത വചനത്തിലൂടെ അല്ലാഹു ഉദ്ദേശിക്കുന്നത് ഇതാണ്: ആ ഫലം ആത്മീയമായ നിലയിൽ അവർ ഇഹലോകത്ത് തിന്നു കഴിഞ്ഞതാണ്. അതുകൊണ്ടാണ് പരലോകത്ത് അവർ അതിനെ തിരിച്ചറിയുന്നത്. അപ്പോൾ അവർ പറയും: 'ഇത് അതേ പഴം തന്നെയാണെന്ന് മനസ്സിലാകുന്നു.' അത് ഇഹലോകത്ത് കൈവരിച്ചിട്ടുള്ള ആത്മീയാഭിവൃദ്ധികളായതുകൊണ്ട് അവയുമായി ബന്ധപ്പെട്ട ഭക്തരും ജ്ഞാനികളും അവയെ തിരിച്ചറിയും.

ഞാൻ വീണ്ടും വ്യക്തമാക്കാനാഗ്രഹിക്കുന്നു. നരകത്തെ സംബന്ധിച്ചും സ്വർഗത്തെ സംബന്ധിച്ചും ഒരു തത്ത്വമുണ്ട്. ഞാൻ വിവരിച്ചതുപോലെ അത് പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്നു. എന്നാൽ, ഇഹലോകശിക്ഷ ഇവിടെ ജാഗ്രതപ്പെടുത്തുന്നതിനും ഗുണപാഠത്തിനും വേണ്ടിയുള്ള ഏർപ്പാടാണെന്ന കാര്യം മറക്കാതിരിക്കേണ്ടതാണ്.

ഭരണവും കരുണയും തമ്മിൽ പരസ്പരം ഒരു ബന്ധമുണ്ട്. ഈ ബന്ധത്തിന്റെ തണലുകളിലാണ് ശിക്ഷകളും രക്ഷകളും ഉണ്ടാകുന്നത്. ഫോണോഗ്രാഫിൽ ശബ്ദം രേഖപ്പെടുത്തുന്നതുപോലെ മനുഷ്യന്റെ കർമങ്ങളും പ്രവൃത്തികളും സുരക്ഷിതമാക്കി രേഖപ്പെടുത്തുന്നു. മനുഷ്യൻ ജ്ഞാനമാർജിക്കാത്തിടത്തോളം ഈ വിഷയത്തിൽ ചിന്തിച്ച് ശാന്തിയടയാനോ ഫലം രുചിക്കാനോ അവന് സാധിക്കുകയില്ല.

ദൈവികമായജ്ഞാനം സമ്പാദിക്കുന്നതിന് ഒന്നാമതായി ദൈവത്തെ തിരിച്ചറിയേണ്ടത് നിർബന്ധമാണ്. ദൈവവുമായി ബന്ധമുള്ള ഒരു മനുഷ്യന്റെ മജ്‌ലിസിൽ സദുദ്ദേശ്യത്തോടും ആത്മാർഥതയോടുംകൂടി ദീർഘകാലം വസിക്കാത്തിടത്തോളം ദൈവത്തെ തിരിച്ചറിയാൻ സാധിക്കുകയില്ല. ഇതിനു ശേഷമേ രക്ഷാശിക്ഷയുടേയും ഇഹപരലോകത്തിന്റേയും ശൃംഖലകൾ വളരെ എളുപ്പത്തിൽ അവന് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ഈ വിവരണത്തിൽ ചിന്തിക്കുന്നതുകൊണ്ട് മറ്റൊരു കാര്യം കൂടി മനസ്സിലാകുന്നു; അതായത് വിശുദ്ധഖുർആൻ പറഞ്ഞ നരകത്തിന്റേയും സ്വർഗത്തിന്റേയും തത്ത്വം. അത് മറ്റൊരു മതഗ്രന്ഥവും പറയാത്തതാണ്. എന്നാൽ, വിശുദ്ധഖുർആനിലൂടെ അത് വ്യക്തമാകുന്നു. അല്ലാഹു അത് മുറപ്രകാരം വിവരിച്ചിട്ടുണ്ട്. എന്നാൽ, അല്ലാഹുവിന്റെ മാർഗത്തിൽ മുജാഹദ (സ്വയേച്ഛയോടുള്ള പോരാട്ടം) നടത്തുകയും പരിശുദ്ധ ഹൃദയത്തോടെ ചിന്തിക്കുകയും ചെയ്യുന്നവരിൽ മാത്രമേ ഈ രഹസ്യം തുറക്കപ്പെടുകയുള്ളൂ. കാരണം വിലമതിപ്പുകളുള്ള കാര്യങ്ങൾ പ്രയത്നിക്കാതെ ലഭിക്കുകയില്ല. എല്ലാവർക്കും ആ രഹസ്യം എന്തുകൊണ്ട് അറിയിച്ചുകൊടുക്കുന്നില്ല എന്ന് ചോദിച്ചാൽ ഞാൻ പറയുന്നു, മനുഷ്യേന്ദ്രിയങ്ങളുടെ പ്രവൃത്തികളെല്ലാം വ്യത്യസ്തമാണ്. ഉദാഹരണത്തിന്, കണ്ണിന് കാണാൻ കഴിയുന്നു. നാവിന് രുചിക്കാനും സംസാരിക്കാനും കഴിയുന്നു. ചെവിക്ക് കേൾക്കാൻ കഴിയുന്നു. അതായത് ഓരോ ഇന്ദ്രിയവും അതാതിന്റെ കടമയുടേയും ശക്തിയുടേയും ഉത്തരവാദിയാണ്. ചെവിയുടെയടുക്കൽ മധുരമുള്ള ഒരു പഴം വെച്ചിട്ട് അത് നാവിന്റെ രുചി പറയണമെന്നു പറഞ്ഞാൽ അതു നടക്കുകയില്ല. അതേപോലെ കണ്ണ് ശബ്ദം കേൾക്കണമെന്നും നാവ് കാണണമെന്നും ശാഠ്യം പിടിച്ചാലും അതു സംഭവിക്കാൻ പോകുന്നില്ല. ദൈവജ്ഞാനത്തിന്റെ അതിസൂക്ഷ്മമായ രഹസ്യങ്ങളെ തിരിച്ചറിയുന്നതിന് പ്രത്യേകമായ ശക്തിതന്നെ വേണം. ആ ശക്തിക്കു മാത്രമേ അതിനെക്കുറിച്ച് പറഞ്ഞുതരാൻ സാധിക്കുകയുള്ളൂ. ഈ ശക്തി എല്ലാവർക്കും നല്കിയിട്ടുണ്ട്. പക്ഷേ, അത് പ്രയോജനപ്പെടുത്തുന്നവർ വളരെ കുറവാണ്. ഊഹത്തിന്റെ ഒരു ശക്തിയും ഫലമുണ്ടാക്കുകയില്ല. അക്കാരണത്താലാണ് തത്ത്വചിന്തകന്മാരുടെ വിശ്വാസപരമായ അവസ്ഥ വളരെ ബലഹീനമായിരിക്കുന്നത്. അവർ ഊഹങ്ങൾക്കപ്പുറം കടക്കുന്നില്ല. അതുകൊണ്ടാണ് വലിയ ചിന്തകനും ബുദ്ധിമാനുമായി കരുതപ്പെടുന്ന പ്ലാറ്റോ മരിക്കാൻ നേരത്ത് തനിക്കുവേണ്ടി ഇന്ന ബിംബത്തിന് ഒരു കോഴിയെ ബലികൊടുക്കാൻ പറഞ്ഞതും! എത്രമാത്രം ബലഹീനമായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസമെന്ന് ഇതിൽനിന്ന് മനസ്സിലാക്കാം. അദ്ദേഹം ഏകദൈവത്വ സിദ്ധാന്തത്തിൽ നിലനിന്നില്ല.

## സാത്വികരോടൊപ്പമുള്ള ജീവിതം

തിളക്കമാർന്ന ദൃഢവിശ്വാസം ലഭിക്കുന്നതിനും ഉൾക്കാഴ്ചയോടെ അല്ലാഹുവിലുള്ള വിശ്വാസത്തിൽ നിലകൊള്ളുന്നതിനും മഹത്തായ ഒരേയൊരു മാർഗമേയുള്ളൂ. അതായത് അവർ, അല്ലാഹുവിന്റെ ഉണ്മയെക്കുറിച്ച് ജീവസ്സുറ്റ സാക്ഷ്യം പറയുന്ന ആളുകളുടെ സത്സംഗം സ്വീകരിക്കുക, ആ മഹാത്മാക്കൾ സർവശക്തനും അദൃശ്യജ്ഞാനിയും സകല ഗുണങ്ങളുടേയും ഉറവിടവുമായ അല്ലാഹുവിൽനിന്ന് നേരിട്ട് കേട്ട കാര്യങ്ങളാണ് പറയുന്നത്.

അത്തരക്കാരുടെ സത്സംഗത്തിൽ ആദ്യം പോകുമ്പോൾ അവർ പറയുന്ന കാര്യങ്ങൾ തികച്ചും വിചിത്രവും അപൂർവവുമായിട്ട് തോന്നാം. അതു വളരെ കുറച്ചേ മനസ്സിൽ പതിയുകയുള്ളൂ. പക്ഷേ, ഹൃദയം ആ മഹാത്മാക്കളിലേക്ക് ആകർഷിക്കപ്പെടുന്നു. മനസ്സിലുള്ള മാലിന്യങ്ങളും അവർ കേൾക്കുന്ന ദൈവജ്ഞാനപരമായ കാര്യങ്ങളും തമ്മിൽ യുദ്ധം ആരംഭിക്കുന്നതാണ് അതിനു കാരണം. മനസ്സിൽ അടിഞ്ഞുകൂടിയിട്ടുള്ള പൊടിപടലങ്ങളകറ്റി അതിനെ കത്തിച്ചുകളയാനും ആ മനസ്സിൽ ദൃഢവിശ്വാസത്തിന്റെ ശക്തി ഉണ്ടാക്കാനും സത്യവാനായ ജ്ഞാനിയുടെ വാക്കുകൾ ആഗ്രഹിക്കുന്നു. അപ്പോഴാണ് നന്മയും തിന്മയും തമ്മിൽ യുദ്ധമുണ്ടാകുന്നത്. ഏതുപോലെയെന്നാൽ, വയറിളക്കത്തിന് മരുന്നുകൊടുത്താൽ അത് വയറ്റിൽച്ചെന്ന് മലത്തെ ഇളക്കുന്നു. അങ്ങനെ അനാവശ്യവും കുഴപ്പമുണ്ടാക്കുന്നതുമായ എല്ലാ മാലിന്യങ്ങളും അടിച്ച് വെളിയിൽ കളയുന്നു. ഇതേപോലെ സത്യസന്ധനായ മനുഷ്യൻ ഊഹത്തെ അകറ്റാനും സത്യമായ അറിവുകളുടേയും ശരിയായ വിശ്വാസത്തിന്റേയും തിരിച്ചറിവ് പഠിപ്പിക്കാനും ആഗ്രഹിക്കുന്നു. അക്കാര്യങ്ങൾ, ദീർഘകാലമായി മറ്റൊരു ലോകത്ത് വസിച്ചിരുന്ന ഹൃദയത്തിന് ഉൾക്കൊള്ളാൻ പ്രയാസമായി തോന്നാം. എങ്കിലും അവസാനം സത്യം വിജയിക്കുകയും ബഹുദൈവാരാധനയുടെ ശക്തി നശിച്ച് ഏകദൈവാരാധനയുടെ ശക്തി തളിർക്കാൻ തുടങ്ങുകയും ചെയ്യുന്നു.

ആ പ്രകാശവുമായിട്ടാണ് ഞാൻ വന്നിട്ടുള്ളത്. ലോകത്ത് ദൃഢവിശ്വാസം സ്ഥാപിക്കുക എന്നതാണ് എന്റെ വരവിന്റെ ഉദ്ദേശ്യം. അതുണ്ടാക്കിയെടുക്കാൻ കേവലം വാക്കുകൾക്ക് സാധ്യമല്ല. മറിച്ച്, അല്ലാഹുവിന്റെ ശക്തിപ്രഭാവംകൊണ്ട് സത്യവാന്മാരുടെ കൈയിലൂടെ വെളിപ്പെടുന്ന അടയാളങ്ങളിലൂടെയാണ് അത് വെളിച്ചം കാണുന്നത്.

**(മൽഫൂദാത്ത് വാല്യം 3, പേജ് 22– 32)**

**( പേജ് 8ൽനിന്ന്)**

സിയറ ലിയോൺ, ഘാന, അമേരിക്ക, നോർവെ, മൊറേഷ്യസ്, മൊറോക്കോ, ഫ്രാൻസ്, ജർമനി, ടൻസാനിയ, നൈജീരിയ, ഇൻഡ്യാ, സ്വീഡൻ, യു.കെ. ഇവരിൽ ഓരോരുത്തരും തങ്ങളുടെ പ്രിയങ്കരനായ ഇമാമുമൊത്ത് ഫോട്ടോയും എടുത്തു. ഹുദൂർ വിദ്യാർഥി വിദ്യാർഥിനികൾക്ക് പേനകൾ നല്കി. ചെറിയ കുട്ടികൾക്ക് ചോക്ലേറ്റും നല്കി.

കൂടിക്കാഴ്ചയുടെ ഈ പരിപാടി 8.45വരെ തുടർന്നു. അതിനുശേഷം ഹുദൂർ മസ്ജിദ് ഫള്‌ലിൽവരികയും മഗ് രിബ് ഇശാ ജംആക്കി നമസ്കരിക്കുകയും ചെയ്തു. നമസ്താകരത്തിനു ശേഷം ഹുദൂർ താമസസ്ഥലത്തേക്ക് പോയി.

(തുടരും)

**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെ ക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin